- (Tally & Daceasy)
- Crash Courses

ENG./MED. ENTRANCE COACHING THROUGH COMPUTER

**LONG TERM COURSES**

**B.C.A.** - Duration 3 Years - Govt. Approved

**PGDCA** - 14 Months, **DCA** - 12 Months, **DCS** - 6 Months & **DOA** - 6 Months

**One Hour Free Internet Training for Every Fresh Admissions**

**Dealer in Computer, Computers on rental basis**

Special effect Video Graphy & Photo Graphy

C.D. Recording & Computer editing

**Passport Photo with in 30 minutes**

ഫോട്ടോഗ്രാഫി രംഗത്തും, വീഡിയോ ഗ്രാഫി രംഗത്തും അതിനൂതന സാങ്കേതിക മികവോടെ



**PHOTO PARK**

**STUDIO & VIDEOS**

(Opp. Govt. Boy's H.S. Thodupuzha)

**NOVA**

**CAREER ACADAMY**

MANGATTUKAVALA

THODUPUZHA

✆: 227144, 222784 (Res.)

(A CENTRE FOR EDUCATION AND CAREER DEVELOPMENT)

**Coaching classes:**

**FIRST & SECOND YEAR PRE-DEGREE**

*(Maths, Physics, Chemistry & English)*

**B.S.R.B. AND L.I.C. TESTS**

**MED/ENGG.**

*(Long term & Short term)*

Director

**Prof. T.S. Chacko**


# Proficiency Price Winners

## I PDC



Mithun R. $A_1$



Mathews Mathew $C_1$



Manu Jose $E_1$



Jewel G. $F_1$



Josline Jose $H_1$



Tintu Basheer $I_1$



Ronny Thomas $J_1$



Lakshmi Chandran $K_1$

## II PDC



Anju Francis $A_2$



Lathika G.R. $B_2$



Anoop N. Nair $D_2$



Sajitha V. Avirachan $F_2$



Mrudula S. Dathan $G_2$



Priya Lakshmi R. $I_2$



Sijo Ponnatt $J_2$



Jacob Mathew $K_2$

കഴിഞ്ഞ 21 വർഷങ്ങളിലായി ആയിരക്കണക്കിന് യുവതികൾക്ക് തൊഴിൽ നേടിക്കൊടുത്ത കുറവിലങ്ങാട് വിമല സ്കൂൾ ഓഫ് നേഴ്സിംഗിന്റെ സഹോദര സ്ഥാപനം

**സാൻജോ സ്കൂൾ ഓഫ് നേഴ്സിംഗ്**

പ്രൈവറ്റ് ബസ് സ്റ്റാന്റിന് എതിർവശം,
ചരളിൽ കോംപ്ലക്സ്
തൊടുപുഴ – 685 584, ഇടുക്കി ജില്ല.

കോഴ്സുകൾ: I 2 വർഷ നേഴ്സിംഗ് അസിസ്റ്റന്റ്
II. 3 വർഷ ഹോസ്പിറ്റൽ നേഴ്സിംഗ് & മിഡ്‌വൈഫറി

**ക്ലാസ്സുകൾ എല്ലാവർഷവും ജനുവരിയിലും ജൂണിലും ആരംഭിക്കുന്നു.**

◆ രണ്ട് കോഴ്സുകൾക്കും സുരക്ഷിതത്വമുള്ള പ്രശസ്ത മിഷൻ / പ്രൈവറ്റ് ആശുപത്രികളിൽ സ്റ്റൈപ്പൻഡോടുകൂടിയ പരിശീലനം ◆ ജോലി സാദ്ധ്യത ◆ പഠന കാലത്ത് കോൺവെന്റ് ഹോസ്റ്റലിൽ താമസ സൗകര്യം ◆

പ്രോസ്പെക്ടസിന് Rs. 30/- നേരിട്ടോ മണിയോർഡറായോ :-

Mrs. Leelamma Thomas M.A.
Directress, Sanjoe School of Nursing
Charalil Complex, Opp. Private Bus Stand
Thodupuzha - 685 584, Idukki Dist.

*Best Compliments From:*

**Little Flower College**
CHOORAPUZHA TOWERS, THODUPUZHA

Tuition classes offered for:

**ENGLISH**
**ACCOUNTANCY**
**MATHS**
**STATISTICS**

മികച്ച കോച്ചിംഗ്, തികഞ്ഞ അച്ചടക്കം

ഇടുക്കിജില്ലയിലെ

**No. 1**

**GOPURAM**
**FAMILY RESTAURANT**
A/C, NON A/C

Pulimoottil Shopping Arcade,
THODUPUZHA

**BETHEL**
**Christian Charitable Society**
Regd. No. EM 616/93

*We give guidance to seat reservation for admission to*

General Nursing
B.Sc. Nursing,
M.Sc. Nursing, B.Pharm,
M.Pharm, B.P.T.,
B.E., BDS, MCA, MBA,
Poly Technic courses

in Karnataka and Tamilnadu

*Contact*

JOY PULIANTHURUTHIL
Karimannoor P.O.
Thodupuzha- 685 581, Ph: 0486-262365




കലുഷിതമായ സമകാലീന ലോകം-
വ്യത്യസ്തതയുമായി, ആവേശത്തിര-
കളുയർത്തിനീങ്ങുന്ന
ജനപ്രവാഹത്തിൽ തനിക്കും ഒരുഭാഗധേയം
തേടുന്ന യുവചേതന.....
യുവത്വത്തിന്റെ ആവേശവും പ്രതീക്ഷയും
അന്വേഷണ തൃഷ്ണയും മിഴിവേകിയ......

# കാമ്പസ് ചിന്തകൾ

# കമ്മ്യൂണിക്കേഷൻ രംഗത്തെ വിപ്ലവം

## ഇന്റർനെറ്റ്



BINCY MERY ZACHARIAS $C_3$

ശാസ്ത്രത്തിന്റെ അതിപ്രധാന കണ്ടുപിടിത്തങ്ങളായ ഗതാഗത സൗകര്യവും ടെലഫോണും ലോകത്തെ അക്ഷരാർത്ഥത്തിൽ ചെറുതാക്കുകയായിരുന്നു. അതോടൊപ്പം ലോകത്തിനു മുന്നിൽ രാജ്യങ്ങൾ വിപണികളെ തുറന്നിടുകകൂടി ചെയ്തപ്പോൾ നാം ഈ ഭൂമുഖത്തെ ഗ്ലോബൽ വില്ലേജ് എന്നു വിളിച്ചു. പ്രസ്തുത പ്രതിഭാസങ്ങളുടെയെല്ലാം ഏറ്റവും പുതിയ പതിപ്പാണ് അധുനിക സംവേദന സാങ്കേതിക വിദ്യയുടെ അത്ഭുതകരമായ സംഭാവനയായ ഇന്റർനെറ്റ്.

ഇന്റർനെറ്റ് എന്നാൽ ലോകത്തിലെ കമ്പ്യൂട്ടറുകളെ ടെലഫോൺ ലൈനിലൂടെ കൂട്ടിയിണക്കുന്ന ഒരു ശൃംഖല എന്നേ അർത്ഥമാക്കുന്നുള്ളു. കണക്കനുസരിച്ച് ഇന്ന് ലോകത്തിൽ 100 മില്യനിലധികം കമ്പ്യൂട്ടറുകളുണ്ട്. ടെലഫോൺ ശൃംഖല മുഖേന ഇവയെ കൂട്ടിയിണക്കിയാൽ ഈ കമ്പ്യൂട്ടറുകൾക്ക് പരസ്പരം ബന്ധപ്പെട്ട് വിവരങ്ങൾ കൈമാറാൻ സാധിക്കും. ടെലഫോൺ ലൈനിലൂടെ കമ്പ്യൂട്ടർ ഓപ്പറേറ്റർ തന്റെ തൊട്ടടുത്ത ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡറുമായി ബന്ധപ്പെട്ട് തനിക്ക് എത്തിച്ചേരേണ്ട കമ്പ്യൂട്ടറുമായി ബന്ധം നേടിയെടുത്താണ് ഇത് സാദ്ധ്യമാക്കുന്നത്.



കമ്പ്യൂട്ടർ ശൃംഖലയിലെ കണ്ണികൾ വളർന്നതോടെ ഉപഭോക്താക്കൾക്ക് കാര്യമായ പ്രശ്നങ്ങൾ നേരിടേണ്ടി വരികയും ഇതെത്തുടർന്ന് വളരെ പ്രധാനപ്പെട്ട മുന്നേറ്റങ്ങൾ ഈ മേഖലയിലുണ്ടാകുകയും ചെയ്തു. ഇതിൽ പ്രധാനപ്പെട്ടത് ഓൺലൈൻ സർവ്വീസുകളുടെ ഉത്ഭവമായിരുന്നു. അതായത്, ശൃംഖലയിലെ ഒരു ശക്തികൂടിയ കമ്പ്യൂട്ടർ ഉപഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നു. നാമിന്ന് വളരെയധികം കേൾക്കുന്ന 'ഇ-മെയിൽ' ഓൺലൈൻ സർവീസ് മുഖേനയുള്ള ഒരു സൗകര്യമാണ്.

ഇന്റർനെറ്റിലെ മറ്റൊരു വിപ്ലവകരമായ മുന്നേറ്റമായിരുന്നു WWW അഥവാ വേൾഡ് വൈഡ് വെബ്. ഈ വെബിലുള്ള കമ്പ്യൂട്ടറുകൾക്ക് ഓരോ അഡ്രസ്സ് ഉണ്ട്. ഈ അഡ്രസ്സുപയോഗിച്ച് നമുക്ക് പ്രസ്തുത കമ്പ്യൂട്ടറുമായി ബന്ധപ്പെടുകയും നമ്മുടെ ആവശ്യങ്ങൾ അതിൽ നിന്ന് അനുവാദത്തോടെ പകർത്തിയെടുക്കുകയും ചെയ്യാം. ഉപഭോക്താക്കളുടെ വിവിധ തരം ആവശ്യങ്ങൾ നിറവേറ്റാൻ തക്ക വിവരങ്ങൾ ശേഖരിച്ചു വച്ചിരിക്കുന്ന നിരവധി കമ്പ്യൂട്ടറുകൾ (സേർവർ) ഈ ശൃംഖലയിലുണ്ട്. കമ്പ്യൂട്ടറുകളെ ചിലന്തിവലയുടെ കണ്ണിപോലെ ബന്ധിപ്പിക്കുക

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

യാണ് WWWചെയ്യുന്നത്. ഒരു ചിലന്തി അതിന്റെ വലയിലൂടെ എന്നതുപോലെ ഉപഭോക്താവിന് ഒരു കമ്പ്യൂട്ടറിൽ നിന്ന് മറ്റൊരു കമ്പ്യൂട്ടറിലേക്ക് നേരിട്ട് ബന്ധപ്പെടാം. ഇങ്ങനെ നിരവധി കമ്പ്യൂട്ടറുകളുമായി ബന്ധപ്പെടുന്ന പ്രവർത്തിക്ക് സർഫിങ്ങ് എന്നു പറയുന്നു. നഗരങ്ങളിൽ ഇന്ന് സാധാരണമായ കൈബർ കഫേകൾ ഈ സൗകര്യം നൽകുന്നവയാണ്. സുപ്രസിദ്ധ മലയാള സിനിമാതാരം മമ്മൂട്ടി WWW.മമ്മൂട്ടി.കോം എന്ന അഡ്രസിൽ കമ്പ്യൂട്ടർ ശൃംഖലയിലെ കണ്ണിയായത് സുഹൃത്തുക്കൾ പത്രങ്ങളിൽ വായിച്ചിട്ടുണ്ടാവുമല്ലോ. ഇന്റർനെറ്റ് കണക്ഷൻ ഉള്ള കമ്പ്യൂട്ടറിൽ നിന്ന് പ്രസ്തുത അഡ്രസിൽ ബന്ധപ്പെട്ടാൽ മമ്മൂട്ടി തന്റെ കമ്പ്യൂട്ടറിൽ ഒരുക്കിയിരിക്കുന്ന വിഭവങ്ങൾ നമ്മുടെ മുന്നിൽ തെളിയുമെന്നത് നിസ്സാരകാര്യമല്ലല്ലോ.

അക്ഷരങ്ങൾ, ചിത്രങ്ങൾ, ശബ്ദം, സ്വരം തുടങ്ങിയ രൂപത്തിൽ സംവേദനം സാധ്യമാണെന്നതാണ് ഒരു പ്രധാന പ്രത്യേകത. ടെലഫോണിലൂടെ എന്ന പോലെ സംഭാഷണവും ഇന്റർനെറ്റിൽ സാധ്യമാണ്. ഇന്റർനെറ്റിൽ നമുക്കാവശ്യമുള്ള വിവരങ്ങൾ, ഉദാഹരണത്തിന് സ്റ്റാമ്പ് കളക്ഷനിൽ താൽപര്യമുള്ള ഒരാൾക്ക് ഇതു സംബന്ധിച്ച വിവരങ്ങൾ ലഭിക്കണമെന്നിരിക്കട്ടെ. ആദ്യമായി ഇതു ശേഖരിച്ചു വച്ചിരിക്കുന്ന കമ്പ്യൂട്ടറുകളുടെ അഡ്രസ് അദ്ദേഹം അറിയണം. അതിനുശേഷം ഒരു ലൈബ്രറിയിലെന്ന പോലെ തന്റെ വിവരങ്ങൾക്കായി അദ്ദേഹം തിരയണം. ഒരേയൊരു വ്യത്യാസം ആ ലൈബ്രറി ഏറ്റവും പുതിയ വിവരങ്ങൾക്കൊണ്ട് നിറഞ്ഞതും പൂർണ്ണമായും ഇലക്ട്രോണിക്കുമാണെന്നതുമാത്രം.

> സുപ്രസിദ്ധ മലയാള സിനിമാതാരം മമ്മൂട്ടി WWW.മമ്മൂട്ടി.കോം എന്ന അഡ്രസിൽ കമ്പ്യൂട്ടർ ശൃംഖലയിലെ കണ്ണിയായത് സുഹൃത്തുക്കൾ പത്രങ്ങളിൽ വായിച്ചിട്ടുണ്ടാവുമല്ലോ. ഇന്റർനെറ്റ് കണക്ഷൻ ഉള്ള കമ്പ്യൂട്ടറിൽ നിന്ന് പ്രസ്തുത അഡ്രസിൽ ബന്ധപ്പെട്ടാൽ മമ്മൂട്ടി തന്റെ കമ്പ്യൂട്ടറിൽ ഒരുക്കിയിരിക്കുന്ന വിഭവങ്ങൾ നമ്മുടെ മുന്നിൽ തെളിയുമെന്നത് നിസ്സാരകാര്യമല്ലല്ലോ !

ഇനി 'ഇ-മെയിൽ' അഥവാ ഇലക്ട്രോണിക് മെയിലിനെപ്പറ്റി അല്പം. ഇതും ഒരു മെയിൽ സംവിധാനം തന്നെ. പ്രത്യേകത ഇത് ഓൺലൈനാണ്. അതായത് അയക്കുന്ന ആ നിമിഷം തന്നെ അത് സ്വീകർത്താവിന് ലഭിക്കുന്നു. അയക്കേണ്ട കാര്യം നമ്മുടെ കമ്പ്യൂട്ടറിൽ നല്കിയതിനുശേഷം സ്വീകർത്താവിന്റെ ഇ-മെയിൽ അഡ്രസിലേക്ക് നാം ട്രാൻസ്ഫർ ചെയ്യുന്നു. സ്വീകർത്താവിന്റെ കമ്പ്യൂട്ടറിൽ മെയിൽ ബോക്സ് എന്ന ഒരു പ്രത്യേക സ്ഥലത്ത് ഈ വിവരം ശേഖരിക്കപ്പെടുന്നു. സ്വീകർത്താവ് ഏതെങ്കിലും സമയത്ത് സൗകര്യപൂർവ്വം ഇത് തന്റെ കമ്പ്യൂട്ടർ സ്ക്രീനിൽ പ്രദർശിപ്പിച്ച് വയ്ക്കുകയോ പ്രിന്ററിൽ കോപ്പി എടുത്തു സൂക്ഷിക്കുകയോ ചെയ്യുന്നു.

ഇന്റർ നെറ്റിൽ എങ്ങനെ ഭാഗഭാക്കാകാം എന്നു കൂടി നോക്കാം. ഇതിനു വേണ്ടി വരുന്ന ഉപകരണങ്ങൾ ഒരു പേഴ്സണൽ കമ്പ്യൂട്ടർ, മോഡം എന്ന ഉപകരണം, ടെലഫോൺ കണക്ഷൻ, ഒരു ഇന്റർനെറ്റ് സോഫ്റ്റ്‌വെയർ എന്നിവയാണ്. അതോടൊപ്പം തന്നെ ഇന്ത്യയിലെ ഏക ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ ആയ വിദേശ് സഞ്ചാർ നിഗം ലിമിറ്റഡ് (VSNL) അംഗത്വം നേടുകയും വേണം. ഇത്രയുമായാൽ നമ്മുടെ കമ്പ്യൂട്ടർ ശൃംഖലയിലെ ഒരു കണ്ണിയായി. രാജ്യം, ഭാഷ, ജാതി, മതം, തൊഴിൽ, തുടങ്ങി യാതൊരു അതിർവരമ്പുകളുമില്ലാതെ ലോകത്തെ വിരൽതുമ്പിൽ കൊണ്ടുവന്ന ഇന്റർനെറ്റ് സാങ്കേതികവിദ്യ ലോകത്ത് വിപ്ലവകരമായ മാറ്റം വരുത്തിക്കഴിഞ്ഞു. ഇതിനിയും മുന്നേറും, അതിർവരമ്പുകളില്ലാതെ......

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394



# വിദ്യാഭ്യാസം കച്ചവടച്ചരക്കാക്കണോ?



JUBIL MATHEW OLIKUNNEL $K_4$
(Campus Correspondent)

ഇന്ന് നമുക്ക് സൗജന്യമായി ലഭിക്കുന്ന വിദ്യാഭ്യാസ പ്രക്രിയ വെറും കച്ചവടച്ചരക്കാക്കി മാറ്റണമോ?

വേണം എന്നു പറയുമ്പോൾ നിങ്ങളുടെ ഇടയിൽ ചിലർക്കെങ്കിലും ദേഷ്യം തോന്നാം. സാമൂഹ്യസേവനം, മതം, ജാതി പ്രസ്ഥാനങ്ങൾ തുടങ്ങിയ എല്ലാം തന്നെ വ്യവസായ വൽക്കരിച്ച് മത്സരബുദ്ധിയോടെ നീങ്ങുന്ന ഇന്നത്തെ കാലത്ത് എന്തുകൊണ്ട് വിദ്യാഭ്യാസത്തെ മാത്രം ഫ്രീ സർവ്വീസാക്കണം.?

സാധാരണഗതിക്ക് ഇപ്പോഴത്തെ സാഹചര്യത്തിൽ യൂണിവേഴ്സിറ്റി വിദ്യാഭ്യാസം കഴിഞ്ഞുവരുന്ന ഒരു ഡിഗ്രിക്കാരനോ, പി.ജി.ക്കാരനോ യാതൊരു കഴിവും അവകാശപ്പെടാനില്ല. ഏറി വന്നാൽ പാഠ്യവിഷയത്തെപ്പറ്റിയോ, സാഹിത്യത്തെപ്പറ്റിയോ, രാഷ്ട്രീയ തത്വസംഹിതകളെപ്പറ്റിയോ കൂട്ടുകാരുമായി സംസാരിച്ചെന്നിരിക്കും. കലാലയങ്ങളിൽ എക്സ്ട്രാ കരിക്കുലർ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരും, രാഷ്ട്രീയത്തിൽ അന്ധമായി വിശ്വസിക്കാത്തവരും ഒരു പക്ഷെ രക്ഷപെട്ടു പോയെന്നിരിക്കും. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ മര്യാദയോടെ പഠിച്ച് ഫസ്റ്റ് ക്ലാസ്സോടെ പാസായി കലാലയങ്ങളിൽ നിന്നും പുറത്തിറങ്ങുന്ന ഒരാൾക്ക് ബിസിനസ്സ് സ്കില്ലോ, കോമേഴ്സ്യൽ സ്കില്ലോ ഇല്ല. ഏതു വഴിയെ തന്റെ കരിയർ വികസിപ്പിച്ചെടുക്കണം എന്നു പോലും അറിയില്ല. ചുരുക്കി പ്പറഞ്ഞാൽ സർക്കാർ ജോലികൾക്ക് മാത്രം പര്യാപ്തമായ രീതിയിലാണ് പഠനം കഴിഞ്ഞ് ഇന്നത്തെ തലമുറ പുറത്തിറങ്ങുന്നത്. ബിരുദധാരികൾക്കു പോലും കൃത്യമായ ഒരു ബയോഡേറ്റ എഴുതിയുണ്ടാക്കാൻ അറിയാത്ത സാഹചര്യമാണ് ഇന്നുള്ളത്. ഈ സാഹചര്യത്തിൽ എങ്ങനെ പുറത്തുനിന്നുള്ള 'അടിപൊളി' പയ്യൻമാർക്കൊപ്പം ഇവിടെ നിന്നുള്ളവർ ഇന്റർവ്യൂവിന് പങ്കെടുക്കും. ?

> സമഗ്രമായ വിദ്യാഭ്യാസ
> നയമാണ് വേണ്ടത്.
> കഴിഞ്ഞ അഞ്ചുവർഷ
> ങ്ങൾക്കു മുമ്പുള്ള ലോക
> മല്ല ഇത്. അടിമുടി മാറി
> യിരിക്കുന്നു. മാർക്കറ്റിൽ
> നിന്നും ലോകം മാർക്കറ്റി
> ലെത്തിയിരിക്കുന്നു.
> എങ്ങും എവിടേയും
> കംപ്യൂട്ടറുകളും
> ഇന്റർനെറ്റും വൃക്ഷമരങ്ങ
> ങ്ങളും. ഈ ലോകത്തിലേ
> ക്കാണ് 1947 ന് മുൻപ്
> ബ്രിട്ടീഷുകാർ എഴുതിവച്ച
> വിദ്യാഭ്യാസ സമ്പ്രദായം
> പിന്തുടരുന്ന സ്ഥാപന
> ങ്ങൾ വിദ്യാർത്ഥികളെ
> ഇറക്കി വിടുന്നത്.

ഒരു ഉപഭോക്താവിനോട് എങ്ങനെ സംസാരിക്കണം എന്നു പോലും അറിയില്ലാത്ത, ഒന്നിനും കൊള്ളാത്ത ബിരുദധാരികളെ സൃഷ്ടിച്ചു വിടുന്ന ഒരു യന്ത്രമായി നമ്മുടെ യൂണിവേഴ്സിറ്റികൾ മാറിയിരിക്കുന്നു. പാൻപരാഗ് കച്ചവടക്കാരനും തട്ടുദോശ വിൽക്കുന്നവനും വരെ കംപ്യൂട്ടറും ഫാക്സും ഉണ്ട്. പുതിയ കാലഘട്ടത്തിന് യോജിച്ച രീതിയിൽ സ്വകാര്യ മേഖ

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

സംരക്ഷണവും കഞ്ചാവും ഹെറോയിനും ബ്രൗൺഷുഗറും വീഡിയോ പാർലറുമൊക്കെ നൽകുമെന്ന് അവർ വ്യാമോഹിക്കുന്നു. ഇങ്ങനെ യുവതലമുറകൾ വഴിതെറ്റുന്നുവെങ്കിൽ അതിന് ആരെയാണ് പഴിക്കേണ്ടത്. ഇവരുടെ ഈ ദുരവസ്ഥയ്ക്കു കാരണം സമൂഹമല്ലാതെ മറ്റാരുമല്ല. യുവജനങ്ങളാണ് ഓരോ നാടിന്റേയും ശക്തി എന്ന തത്വം നിലവിലിരിക്കെ യുവജനങ്ങൾ സ്വയം നശിക്കുന്നത് വേദനാജനകമാണ്. യുവതലമുറയുടെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുവാൻ നാം ബാദ്ധ്യസ്ഥരല്ലേ ? മയക്കുമരുന്നുകളുടെ വീര്യത്തെ അതിജീവിക്കാൻ ഒരു ശക്തിയേ ഈ ലോകത്തുള്ളു ! മക്കൾക്ക് നൽകേണ്ടത് പണം മാത്രമല്ല. ഒരൽപ്പം സ്നേഹവും സ്നേഹവും സാമീപ്യവുമാണ്.

ചിന്തിക്കാൻ പ്രായമായിക്കഴിഞ്ഞാൽ തൊഴിലില്ലായ്മയെക്കുറിച്ചും അനിശ്ചിതമായ ഭാവിയെക്കുറിച്ചുമുള്ള ബോധം അവരെ അലട്ടാൻ തുടങ്ങും. എന്തിനു പഠിക്കണം എന്ന ചിന്ത അവരിൽ ഉണരുകയായി. അതോടെ വിദ്യാഭ്യാസത്തോടുള്ള വിശ്വാസവും താൽപ്പര്യവും അവരിൽ നിന്ന് കൈമോശം പോകുന്നു.

കേരളത്തിലെ ഒരു പ്രൊഫഷണൽ കോളേജ് ഹോസ്റ്റലിലെ റാഗിംഗ് സമ്പ്രദായത്തെക്കുറിച്ച് കേട്ടാൽ ലജ്ജയും ജുഗുപ്സയും ഉളവാകും. ഒന്നാം വർഷ വിദ്യാർത്ഥികൾ എല്ലാവരുടേയും മുന്നിൽ വച്ച് തെരുവുവേശ്യകളുമായി ലൈംഗികബന്ധത്തിലേർപ്പെടാൻ നിർബന്ധിക്കപ്പെടും. റാഗിംഗിനെതിരെ വിദ്യാർത്ഥികളുടെ ഇടയിൽ തന്നെ നീക്കം ഉണ്ടാകാൻ തുടങ്ങിയതോടെ ഇമ്മാതിരി ദുഷ്പ്രവണതകൾ ഇല്ലായ്മചെയ്യപ്പെടുന്നുണ്ടെന്നത് ആശ്വാസകരമാണ്.

മഞ്ഞുവെള്ളം തോർന്ന് ഉണർന്നെണീക്കുന്ന കാമ്പസിലെ പുൽക്കൊടികൾക്കൊപ്പം നമ്മുടെ വിദ്യാർത്ഥികളും ഉണരേണ്ടിയിരിക്കുന്നു- മയക്കത്തിൽ നിന്ന് അജ്ഞതയിൽ നിന്ന് അനിവാര്യമായ മാറ്റം ചുവട്ടിൽ നിന്നേ തുടങ്ങണം. കുടുംബത്തിൽ നിന്ന്; അദ്ധ്യാപകന്റെ മനസ്സിൽ നിന്ന്. കുടുംബത്തിൽ സമാധാനത്തിന്റേയും ഭദ്രതയുടേയും നെയ്ത്തിരികൾ കത്തിയ്ക്കണം. കുടുംബത്തിന്റെ അശാന്തി വിദ്യാർത്ഥികളിൽ തിന്മകളുടെ തുടക്കമിടുന്നു എന്ന് മാതാപിതാക്കൾ ഓർമ്മിക്കണം. കാമ്പസിലും വിദ്യാർത്ഥികളുടെ മനസ്സിലുമുള്ള കളങ്കങ്ങൾക്ക് പിന്നിലെ അടിസ്ഥാനകാരണങ്ങൾ കണ്ടുപിടിച്ച് അവ പരിഹരിക്കുന്നതിന് വേണ്ടി എല്ലാവരുടേയും ഭാഗത്തുനിന്ന് സഹകരണം ആവശ്യമാണ്.


Ph: Off. 223208
Res. 276165
273012

സിഗ്മ സ്റ്റഡി സെന്റർ
ഡി.ഡി. ഓഫീസിന് പിൻവശം, തൊടുപുഴ

*Tuition:*
PDC, VHSE, Plus Two
*Coaching classes for*
B.A., B.Sc. B.Com. M.A. (Politics, English) (Kamaraj University)
*Failed Batch*
PDC, VHSE - September, March & Spoken English


FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394







SAM M. B. P4

# ബാപ്പുവിന്റെ വാക്കുകൾ

ഏതൊരു വ്യക്തിയുടേയും മഹത്വം അയാൾ ജീവിക്കുന്ന കാലഘട്ടത്തിന്റെ സംഭാവനയാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലൂടെ ബ്രിട്ടീഷ് മേൽക്കോയ്മക്കെതിരെ പൊരുതി മുന്നേറിയപ്പോൾ മോഹൻദാസ് കരംചന്ദ് ഗാന്ധി, മഹാത്മാഗാന്ധിയും, രാഷ്ട്ര പിതാവുമായി ഭാരതീയരുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ സംഭവം പ്രസ്തുത വാക്കുകൾക്കുദാഹരണമാണ്. മഹാത്മജിയുടെ 130-ാം ജന്മവാർഷികം ആഘോഷിക്കുന്ന വേളയാണല്ലോ ഇത്. വിവിധ വിഷയങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന ചിന്താഗതികളെ പ്രത്യേകിച്ച് വളരെ പ്രശസ്തിയേറിയത് എന്നു തോന്നുന്നതുമായ കുറെ അഭിപ്രായങ്ങൾ താഴെ ചേർക്കുന്നു.

- ഒരു പെൺകുട്ടിയെ അവളുടെ സമ്മതം കൂടാതെ പണ സംബന്ധമോ മറ്റുതരത്തിലോ ഉള്ള കാര്യലാഭത്തിനു വേണ്ടി മാതാപിതാക്കൾ വിവാഹം ചെയ്തുകൊടുത്താൽ അവളെ വിവാഹിതയായികാണുന്നില്ല.
*(വിവാഹത്തെക്കുറിച്ച്)*

- രാജ്യത്തെ ഓരോ വീടും വിദ്യാലയമാണ്. മാതാപിതാക്കൻമാർ അദ്ധ്യാപകരും. എന്നാൽ അദ്ധ്യാപനം നിർത്തുന്ന മാതാപിതാക്കൾ തങ്ങളുടെ വിശുദ്ധമായ ധർമ്മത്തെ വഞ്ചിക്കുന്നു.
*(വിദ്യാഭ്യാസത്തെക്കുറിച്ച്)*

- പരസ്പര സ്നേഹവും പരസ്പര സമ്മതവും മാത്രമാണ് അഭിമാനകരമായ വിവാഹ വ്യവസ്ഥകൾ
*(സ്ത്രീധനത്തെക്കുറിച്ച്)*

- ഇപ്പോഴത്തെ സർവ്വകലാശാലാ വിദ്യാഭ്യാസം നമ്മുടെ മൗലികത ഇല്ലാതാക്കുന്നു. കാണാപ്പാഠം പഠിച്ച് ബുദ്ധി തളർന്ന നാമെല്ലാം ഗുമസ്തപ്പണിക്ക് മാത്രം യോജിച്ചവരാണ്.
*(ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ച്)*

- ജനാധിപത്യം എന്നത് ഒരു പ്രത്യേക വ്യക്തിയോടുള്ള കൂറുപ്രഖ്യാപനം ആവരുത്.
*(ജനാധിപത്യത്തെക്കുറിച്ച്)*

- അടുക്കളയുപേക്ഷിച്ച് വെളിയിൽ വരുവാൻ സ്ത്രീകളെ ആഹ്വാനം ചെയ്യുകയോ, പ്രേരിപ്പിക്കുകയോ ചെയ്യുന്നത് സ്ത്രീയ്ക്കും പുരുഷനും ഒരു പോലെ അപമാനകരമാണ്.
*(സ്ത്രീ പുരുഷ സമത്വത്തെക്കുറിച്ച്)*

- ചിന്തയിലും, വാക്കിലും, പ്രവർത്തിയിലും തന്റെ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നവനാണ് ഒരു യഥാർത്ഥ ബ്രഹ്മചാരി.

- തിന്മയ്ക്ക് ഒരു സമ്മാനം നിശ്ചയിക്കുന്നതു പോലെയാണ് ലൈംഗിക കൃത്രിമോപാധികൾ.
*(കൃത്രിമോപാധികളെക്കുറിച്ച്)*

- മതത്തിന്റെ പേരിൽ ദുർവ്യാഖ്യാനവും, കാപട്യവും നടക്കുന്നു. നാം സൂക്ഷിക്കേണ്ടിയിരിക്കുന്നു
*(വർഗ്ഗീയതയെക്കുറിച്ച്)*

- ബ്രിട്ടീഷുകാർ ഇൻഡ്യക്കാരോട് ചെയ്തതിനേ

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

ക്കാൾ അനീതി ഇൻഡ്യാക്കാർ അയിത്തജാതിക്കാരോട് കാട്ടിയിട്ടുണ്ട്.
*(അയിത്തത്തെക്കുറിച്ച്)*

- ഒരു സംഘടനയിൽ നേതാക്കൾ അധികമായാൽ പിന്നെ അതിന് പുരോഗമനം സാധ്യമല്ല.
*(ഇന്നത്തെ പ്രസ്ഥാനങ്ങളെക്കുറിച്ച്)*
- നിരീശ്വരവാദിയുടെ അതിലുള്ള വിശ്വാസമാണ് അയാളുടെ ദൈവം
*(നിരീശ്വരവാദത്തെപ്പറ്റി)*
- പുസ്തകത്തിലൂടെ മാത്രമേ ജ്ഞാനം ലഭിക്കുകയുള്ളൂ എന്നത് വലിയ അന്ധവിശ്വാസമാണ്.
- നമ്മുടെ രാജ്യത്ത് രൂക്ഷമായ തൊഴിലില്ലായ്മയും, ദാരിദ്ര്യവും കണ്ട് ഞാൻ കരഞ്ഞുപോയിട്ടുണ്ട്. എന്നാൽ നമ്മുടെ അലസതയും അജ്ഞതയും ആണ് അതിനു മുഖ്യകാരണമെന്ന് എനിക്കു സമ്മതിക്കേണ്ടിയിരിക്കുന്നു.
- രോഗത്തേക്കാൾ രോഗത്തെക്കുറിച്ചുള്ള ഭീതിയാണ് അധികം മരണങ്ങൾക്കും കാരണം
- മനുഷ്യൻ സത്യത്തിൽ സൗന്ദര്യം കാണാൻ തുടങ്ങുമ്പോൾ മാത്രമേ യഥാർത്ഥമായ കല ഉദയം ചെയ്യൂ.
- മനുഷ്യന്റെ സ്വഭാവം യഥാർത്ഥത്തിൽ ദുഷിച്ചതല്ല. സ്നേഹത്തിന്റെ സ്വാധീനം കൊണ്ട് ഏത് മൃഗീയ സ്വഭാവത്തേയും മാറ്റിയെടുക്കുവാൻ കഴിയും.


With Best Compliments







Newman Voice '99

# അറിവുകൾ ഉറങ്ങുന്ന കലവറകൾ



RAJESH R. M4

പ്രാചീനം, പരമ്പരാഗതം തുടങ്ങിയ വാക്കുകൾ കേൾക്കുമ്പോഴേ ഇന്നത്തെ തലമുറയുടെ നെറ്റി ചുളിയും. 'ഇതിലൊക്കെ എന്തുകാര്യം' എന്ന ഭാവം നിറയുകയായി. പഴമയെ നമ്മൾക്കെന്നും പുച്ഛമായിരുന്നല്ലോ. നമ്മുടെ പൂർവ്വികർ പകർന്നുതന്ന പല അറിവുകളും അവയുടെ മൂല്യം മനസ്സിലാക്കാതെ നാം തള്ളിക്കളഞ്ഞു. പാശ്ചാത്യലോകത്തുനിന്നും എന്തുവന്നാലും അവയെ മുൻപിൻ നോക്കാതെ അന്ധമായി അനുകരിക്കുന്ന സ്വഭാവം നമ്മുടെ രക്തത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നു. ഈ സ്വഭാവ വൈചിത്രമാണ് ഇന്ന് നാം കാണുന്ന മൂല്യച്യുതിയ്ക്ക് മൂലകാരണം. 5000 വർഷത്തെ പാരമ്പര്യം നമ്മൾ ഭാരതീയർക്കുണ്ട്. ആധുനിക ശാസ്ത്രത്തിന് ഇന്ന് അറിയുന്നതും അറിയാത്തതുമായ പലകാര്യങ്ങളെക്കുറിച്ചുള്ള അറിവുകൾ നമ്മുടെ പൂർവ്വികർക്കുണ്ടായിരുന്നു. ഗണിതം, വാനശാസ്ത്രം, ജ്യോതിഷം, ശരീരശാസ്ത്രം തുടങ്ങിയ ശാസ്ത്രമേഖലകളിലെ അവരുടെ അറിവ് നിസീമമാണ്. അവയിൽ പലതിനെയും നാം അന്ധവിശ്വാസമെന്നും, അനാചാരമെന്നും, കെട്ടുകഥകളെന്നും പറഞ്ഞ് തള്ളിക്കളഞ്ഞു. ഇന്ന് സംസ്കൃതം, പുരാണം, വേദം എന്നൊക്കെ പറഞ്ഞാൽ, അത് വർഗ്ഗീയതയാകുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

സി. കൃഷ്ണൻ നമ്പൂതിരിയെക്കുറിച്ച് അല്പനാൾ മുമ്പ് കണ്ട ഒരു ലേഖനമാണ് ഇത് എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്. 1993 ലെ ഏറ്റവും നല്ല ഗവേഷണ പ്രബന്ധത്തിനുള്ള ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ പുരസ്ക്കാരം ലഭിച്ചത് അദ്ദേഹത്തിനാണ്. 72-ാം വയസ്സിലും ഏകാഗ്രതയോടെ കർമ്മനിരതനാണ് അദ്ദേഹം. 'പ്രാചീന സാഹിത്യത്തിൽ പ്രതിഫലിതമായ പ്രാചീന ഭാരതീയ ശാസ്ത്രത്തിന്റെ ചില മുഖങ്ങൾ" എന്നതാണ് അദ്ദേഹത്തിന്റെ ഗവേഷണ വിഷയം. (Certain aspects & Science in anicient India as revealed in anicient Sanskrit literature) നാം പാശ്ചാത്യർക്ക് അടിയറ വച്ച പല സിദ്ധാന്തങ്ങളുടേയും ശാസ്ത്ര തത്വങ്ങളുടേയും പിതൃത്വം ഭാരതത്തിനാണെന്ന വസ്തുത അദ്ദേഹം തെളിയിക്കുന്നു.

സംസ്കൃത ഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്ന പല ശാസ്ത്ര തത്വങ്ങളും സിദ്ധാന്തങ്ങളുമാണ് ഇന്ന് നാം അധുനിക ശാസ്ത്രത്തിന്റെ മഹത്തായ നേട്ടങ്ങളായി വാഴ്ത്തുന്നത്. 37 സംസ്കൃത ഗ്രന്ഥങ്ങളിൽ നിന്ന് 375 ശാസ്ത്ര വസ്തുതകൾ ആദ്യഘട്ടമെന്ന നിലയിൽ അദ്ദേഹം കണ്ടെത്തിയിട്ടുണ്ട്. നമ്മുടെ പൂർവ്വികരെക്കുറിച്ച് ഊറ്റം കൊള്ളുവാനും അവരുടെ ധിഷണ പാടവത്തിന്റെ മുന്നിൽ സർവ്വജ്ഞരെന്നു നടിക്കുന്ന കമ്പ്യൂട്ടറുകളും, ശൂന്യാകാശവാഹനങ്ങൾ വരെ നിയന്ത്രിക്കുന്ന, ആധുനിക മനുഷ്യന്റെ നിസാരതയെ വെളിപ്പെടുത്തുന്ന ചില കണ്ടെത്തലുകൾ ഇതാണ്.

'പർബക്ക്' എന്ന യൂറോപ്യൻ പണ്ഡിതനാണ് 'പൈ' യുടെ വില കൃത്യമായി കണ്ടെത്തിയതിനുള്ള ബഹുമതി കൊടുക്കുന്നത്. എന്നാൽ ഇദ്ദേഹത്തിന് ആയിരം വർഷം മുൻപ് ഭാരതീയ ശാസ്ത്രകാരനായ ആര്യഭടനും സംഗ്രമശ്രാമകാരനായ മാധവനും 'പൈ' യുടെ വില കണ്ടെത്തിക്കഴിഞ്ഞിരുന്നു. 'ശതപഥബ്രാഹ്മണം' എന്ന പൗരാണിക ഗ്രന്ഥത്തിൽ പറയുന്നു 'പരിമണ്ഡലം ഉവാ അയംലോകഃ' (ഈ ലോകം അഥവാ ഭൂമി ഉരുണ്ടതാണ്) പക്ഷെ നാം

പഠിക്കുന്നത് മഗല്ലൻ എന്ന പാശ്ചാത്യ ശാസ്ത്രജ്ഞനാണ് ഇത് കണ്ടുപിടിച്ചത് എന്നാണ്. ശ്രീമദ് ഭാഗവതത്തിൽ 'പ്രേക്ഷയിത്വാ ഭൂവോഗോളം' എന്ന് ആരംഭിക്കുന്ന ശ്ലോകം ഇതിന് മറ്റൊരു ഉദാഹരണമാണ്. ഈ ശ്ലോകത്തിന്റെ പൂർണ്ണമായ അർത്ഥമെന്തെന്നോ' കർമ്മ പ്രജാപതി ഭാര്യമാരോടൊപ്പം വിമാനത്തിൽ ഉയർന്നു പറന്ന് ഇതര ലോകങ്ങളോളം പോയി. അവിടെ നിന്ന് ഭൂമിയുടെ ഗോളാകൃതി കാണിച്ചുകൊടുക്കുകയും ചെയ്തു' എന്നാണ്. ഭൂമിയുൾപ്പെടെയുള്ള ഗ്രഹങ്ങൾ സൂര്യൻ എന്ന നിശ്ചല ന ക്ഷ ത്ര ത്തെ പ്രദക്ഷിണം ചെയ്യുകയാണെന്നും ശതപഥബ്രാഹ്മണത്തിൽ പറയുന്നുണ്ട്. 'യോഗവാസിഷ്ഠ' ത്തിൽ ആകാശത്തിന്റെ നിറം നീലയല്ലെന്ന് വാത്മീകി പറയുന്നു. മനുഷ്യന്റെ നേത്രങ്ങൾക്ക് അതിനപ്പുറം കാണുവാൻ സാധിക്കാത്തതുകൊണ്ട് അങ്ങനെ തോന്നുന്നതാണെന്നും പറയുന്നുണ്ട്.



'തന്ത്ര സംഗ്രഹ'ത്തിൽ ഭൂമിയുടെ ചുറ്റളവ് 3300 യോജനയെന്ന് പറയുന്നു. ഒരു യോജന ഏഴരമൈൽ. അപ്പോൾ ഭൂമിയുടെ ചുറ്റളവ് 24750 മൈൽ. 'ക്ലാർക്ക്സ് ടേബിൾ' എന്ന ആധുനിക പ്രമാണ പ്രകാരം ഭൂമിയുടെ ചുറ്റളവ് 24891 മൈൽ. നമ്മുടെ പൂർവ്വികരുടെ കൃത്യതയിൽ നാം അത്ഭുതം കൂറുന്നതിവിടെയാണ്.

ഋഗ്വേദത്തിൽ 'VIBGYOR' നെപ്പറ്റിയുള്ള പരാമർശം ശ്രദ്ധേയമാണ്. 'അല്ലയോ സൂര്യാ, രശ്മികളാകുന്ന കോശങ്ങളുള്ള അങ്ങയെ ഏഴുകുതിരകൾ അഥവാ രസഹരണ സമർത്ഥങ്ങളായ രശ്മികൾ വഹിക്കുന്നു.' സൂര്യ പ്രകാശം ഏഴു നിറങ്ങൾ ചേർന്നുണ്ടായതാണെന്നും അവ കൂടിച്ചേർന്നാൽ സംശ്ലേഷണം (വെളുപ്പ് നിറം) ഉണ്ടാകുമെന്നും ഇത് പറയുന്നുണ്ട്.

നാം ആധുനിക കണ്ടെത്തൽ എന്നു കരുതുന്ന അന്തരീക്ഷോപരി ശൂന്യാകാശമാണെന്ന വസ്തുത മഹാഭാരതത്തിന്റെ 12-ാം പർവ്വത്തിൽ പറയുന്നു. 'ശുകസ്തുമരുത്വാദൂർധ്വം ഗതീം കൃത്വാന്തരീക്ഷഗാം' - ശ്രീ ശുകൻ വായു സഹിതമായ അന്തരീക്ഷ ഭാഗത്തെ അതിക്രമിച്ച് വായു രഹിതമായ ശൂന്യാകാശത്തിലൂടെ ഗതി തുടർന്നു എന്നർത്ഥം.

ആധുനിക വൈദ്യശാസ്ത്രം സ്വന്തമെന്ന് കരുതി ഉപയോഗിക്കുന്ന പലതും സുശ്രുതനെ പോലെ നൂറ്റാണ്ടുകൾക്കു മുമ്പ് ജീവിച്ചിരുന്ന ഭിഷഗ്വരന്മാരുടെ അറിവാണ്. അഥർവ്വ വേദ സംഹിതയിൽ സിസേറിയൻ ശസ്ത്രക്രിയയുടെ വിവിധ വശങ്ങളെപ്പറ്റി വിവരിക്കുന്നുണ്ട്.

അത്ഭുതാവഹമായ അറിവാണ് വിമാനങ്ങളെക്കുറിച്ച് നമ്മുടെ പൂർവ്വീകർക്കുണ്ടായിരുന്നത്. 'യന്ത്ര സർവസ്വം' എന്ന കൃതിയിലെ 'വൈമാനിക പ്രകരണം' എന്ന അദ്ധ്യായം, തൈത്തരീയ സംഹിത, മഹാഭാരതം, യോഗ വസിഷ്ഠം എന്നിവയിൽ വിമാനങ്ങളെക്കുറിച്ചുള്ള പരാമർശമുണ്ട്. സൂപ്പർ സോണിക്, ജറ്റ്, യുദ്ധവിമാനങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ഇവയിലുണ്ട്. 'വൈമാനിക നിവാതേന വഹിലേഖാങ്കിതം ക്വചിത് വിമാനം പറക്കുക നിമിത്തം അഗ്നിരേഖ പതിഞ്ഞിട്ടുണ്ട്. ഈ പരാമർശം ജറ്റ് വിമാനങ്ങളെക്കുറിച്ചല്ലേ !. ബ്രഹത് വിമാന ശാസ്ത്രത്തിൽ വിമാന നിർമ്മാണത്തിന് ഉപയോഗിക്കുന്ന 'രാജലോഹം' നിർമ്മിക്കുന്നത് എങ്ങനെയാണെന്ന് പറയുന്നുണ്ട്.

FotoFast COLOUR LAB Matha Shopping



മൈക്രോസ്കോപ്പിലൂടെ ആയിരം ഇരട്ടി വലുതാക്കിയാൽ മാത്രം കാണുവാൻ സാധിക്കുന്ന വിഷൂചികയുടെ രോഗാണുവിനെപ്പറ്റി പ്രാചീന സംസ്കൃത ഗ്രന്ഥത്തിൽ പരാമർശിക്കുന്നു. 'വിഭജിക്കപ്പെടാൻ സാധിക്കാത്തതിനാൽ പരമാണു നിത്യമാണെന്ന്' ആറ്റത്തെ കുറിച്ചുള്ള അടിസ്ഥാന തത്വം പറഞ്ഞു തരുന്നു 'വൈശേഷിക സൂത്ര'ത്തിലെ 'നിത്യം പരിമണ്ഡലം' എന്ന ശ്ലോകഖണ്ഡം.

ചാൾസ് ഡാർവിന്റെ ജൈവ പരിണാമ സിദ്ധാന്തം (Organic evolution) 'ഗരുഡപുരാണ'ത്തിലുണ്ട്. സമകോണ ത്രികോണത്തിന്റെ വശങ്ങളെപ്പറ്റി പൈതഗോറസിനും, ക്രിസ്തുവിനും മുൻപ്, 532 ൽ ബൗദ്ധായനൻ ശ്ലോകരൂപേണ പറഞ്ഞിരിക്കുന്നു. മേഘത്തിലെ വൈദ്യുതോർജ്ജം, ഗ്രഹങ്ങളിലെ ജീവസാന്നിദ്ധ്യം, ഐൻസ്റ്റീന്റെ 'Relative motion theory' സസ്യങ്ങളിലെ പ്രകാശ സംശ്ലേഷണം (Photo synthesis) എന്നിവയെക്കുറിച്ചെല്ലാം വിവരങ്ങൾ നമ്മുടെ സംസ്കൃത ഗ്രന്ഥങ്ങളിലുണ്ട്.

അടുത്ത കാലത്താണ് എനിക്ക് വേദഗണിതം (Vedic Mathematics) -ത്തെ കുറിച്ച് കൂടുതൽ അറിയാൻ കഴിഞ്ഞത്. വളരെയേറെ പ്രചാരം നേടിക്കൊണ്ടിരിക്കുന്ന ശാസ്ത്ര ശാഖയാണിത്. നാം ഇന്ന് അനേകം വഴികൾ എഴുതി ചെയ്യുന്ന കണക്കുകൾ മനക്കണക്കായി ചെയ്യുവാൻ സാധിക്കും. ചില പ്രത്യേക രീതിയിൽ കൂട്ടുകയും, കുറയ്ക്കുകയും, ഗുണിക്കുകയും, ഹരിക്കുകയും ചെയ്തുകൊണ്ട് square, square root, cube root, cube തുടങ്ങിയവ എത്ര വലിയ സംഖ്യയുടേതാണെങ്കിലും വളരെ വേഗം ചെയ്യുവാൻ സാധിക്കും. Differentiation, Integration തുടങ്ങിയവയെക്കുറിച്ചുവരെ വേദഗണിതത്തിൽ പറയുന്നുണ്ട്. ആധുനിക ശാസ്ത്ര സിദ്ധാന്തത്തിൽ degree കൂടിയ സൂത്രവാക്യങ്ങൾ (solving equations) മാർഗ്ഗനിരണം ചെയ്യുവാൻ യുക്തിസഹിതമായി ല്ലാതെ വിഷമിക്കുമ്പോൾ വേദഗണിതം പഠിപ്പിച്ച് ഉത്തരം കാണുവാൻ കമ്പ്യൂട്ടർവരെ പരാജയപ്പെടുന്നിടത്ത് വേദഗണിതം വിജയം വരിക്കുന്നു. കാൽക്കുലേറ്റർ മുതൽ ചിന്തിക്കുന്നു.

ശാസ്ത്ര വിഷയങ്ങൾ മാത്രമല്ല, രാജ്യതന്ത്രത്തിലും നാം വളരെയേറെ മുന്നേറിയിരുന്നു. ബി.സി. നാലാം ശതകത്തിൽ ജീവിച്ചിരുന്ന കൗടല്യൻ (ചാണക്യൻ) ഒന്നാംതരം രാജ്യതന്ത്രജ്ഞനും രാഷ്ട്രീയമീമാംസകനുമാണ്. ഭരണനീതിയ്ക്കും, നയതന്ത്രബന്ധങ്ങൾക്കും കൗടല്യന്റെ നിയമങ്ങൾ ഇന്നും പ്രസക്തമാണ്. ഭൗതീക വിജ്ഞാനം, അതിഭൗതീക വിജ്ഞാനം (Mata Physics:- പ്രകൃത്യാതീതമായ കാര്യങ്ങളെപ്പറ്റി പഠിക്കുന്ന ശാസ്ത്രം), മനശാസ്ത്രം, തർക്കശാസ്ത്രം, ധർമ്മനീതി എന്നിവയിൽ പ്രബലമായി ഉറപ്പിച്ചിട്ടുള്ള സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ വിമർശനങ്ങൾ സമഗ്രമായി ഉപപാദനത്തിനു വിധേയമാക്കിയിട്ടുള്ള ഏറ്റവും പ്രാചീനവും പ്രാമാണികവുമായ ഭാരതീയ ഗ്രന്ഥമാണ് കൗടല്യാർത്ഥശാസ്ത്രം.

നമ്മുടെ മഹത്തായ പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും അടുത്തെത്തുവാൻ പോലും പാശ്ചാത്യർക്ക് കഴിയുകയില്ല. ഭാരതീയ തത്വചിന്തയും എന്തിനേറെ ജീവിത രീതികൾ വരെ പഠിക്കാൻ ഇന്ന് വിദേശീയർ ഭാരതത്തിലെത്തുന്നുണ്ട്. ഈ അവസരത്തിൽ അവർ പരീക്ഷിച്ച് പരാജയമെന്ന് വിധിയെഴുതിയ പാശ്ചാത്യ സംസ്കാരത്തിലേക്ക് കുതിച്ചുചാടുവാൻ നാം ശ്രമിക്കുന്നതിലെ വിരോധാഭാസം ഒരു നിമിഷം ചിന്തിക്കേണ്ടിയിരിക്കുന്നു.

"യദിഹാസ്തി തദന്യത്ര

യന്നേഹാസ്തി നതത് ക്വചിത്"

മഹാഭാരതത്തെപ്പറ്റി വ്യാസൻ പറയുന്നതാണിത്. 'ഇതിലുള്ളത് മറ്റെവിടെയും ഉണ്ടായേക്കാം, ഇതിലില്ലാത്തത് മറ്റൊരിടത്തും ഉണ്ടാവുകയില്ല.' ഈ വരികൾ നമ്മുടെ മഹത്തായ പാരമ്പര്യത്തെയും, സംസ്കാരത്തെയും, "ലോകാ സമസ്താ സുഖിനോ ഭവന്തു" (ലോകത്തിലെ സർവ്വ ചരാചരങ്ങൾക്കും സുഖമായിരിക്കട്ടെ) എന്ന വിശാലമായ കാഴ്ചപ്പാടും സാഗരം പോലെ അനന്തമായ അറിവുകൾക്കും ഇരിപ്പിടമായ ഈ ഭാരത ഭൂമിയെ വിശേഷിപ്പിക്കാൻ തികച്ചും അനുയോജ്യമാണ്. നമ്മുടെ ഭാരതത്തിൽ ഉള്ളതും ഉണ്ടായിരുന്നതും മറ്റെവിടേയും ഉണ്ടായേക്കാം. പക്ഷെ ഇവിടില്ലാത്തത് മറ്റൊരിടത്തും ഉണ്ടാവുകയില്ല.

COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394



ABHEESH C. L4

# BEFORE THE STUDY OF COMPUTER

Now a days computer study is very common. We people think that it will help us to find a good job. Yes, it is true. There is a number of jobs available in this field. But the jobs which require only the basic operation of the keyboard are not in the case. These are only the lowest level jobs. With the preliminary knowledge of the computer we won't get a good job. Here the term 'Computer study' refers to some higher level of study having a degree or diploma in computer rather than basic keyboard operations.

The study of the computer as an 'outside business' is not profitable. It will not help us to become an expert in this field. In the computer field only an expert can expect a good job. This means that to acquire a good job in the computer field is not possible to everyone. Because it is a fast developing field.

A major thing required for the higher learning of computer is our 'aptitude'. Here the term 'aptitude' refers to some essential qualities.It can be specified with some examples. A person can't become a good doctor only with the acquisitions of a MBBS degree. That needs some other qualities. In the same way, a person can't become a good engineer only with the engineering degree. Those qualities required for them can be specified as their 'aptitudes'. The aptitude is a necessary thing in computer education. A degree or diploma in computer science is not sufficient for a person to become on the top level of the computer science.

Then there arises a question. Who is fit to study computer ?. The answer is this. The person who carries the qualities of intelligence, patience, memory power, accuracy and above all the interest on computer can become a computer expert. Because a complex machine like computer expects these qualities from an expert.

The most important quality in computer learning is our interest. Without this interest no one can suffer a computer for long time. Another important aspect is the intelligence. Computer is a machine that can be controlled by intelligence. A person having interest on computer with strong intelligence is required for the computer study. Here the intelligence does not means the high rate of intelligence quotient. The qualities like the power of immediate learning, high memory power, and the interest of studying new things are including in this.

If you have these qualities, you can study computer easily. Otherwise, the computer learning will not help you very much. In this case, the computer degree or diploma will only a decoration on your head.

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

Newman Voice '99



BINISH LAL H4

# മതത്തെക്കുറിച്ച് ഒരു വാക്ക്

ജീവിവർഗ്ഗത്തിൽ മനുഷ്യന്റെ ജീവിതത്തിൽ
മാത്രം ഉള്ള പ്രതിഭാസമാണ് "മതം". മറ്റു ജീവിവർഗ്ഗ
ത്തിൽ നിന്ന് വേർതിരിച്ച് നിർത്തുന്ന പ്രത്യേകതക
ളുടെ കൂട്ടത്തിൽ മതത്തെ മനുഷ്യൻ കാണേണ്ടിയിരി
ക്കുന്നു. ചിന്തിക്കുവാനുള്ള കഴിവാണ് മനുഷ്യന്റെ
മറ്റൊരു പ്രത്യേകത. മറ്റു ജീവികൾക്ക് വിദ്യാലയങ്ങ
ളില്ല, ഗ്രന്ഥശാലകളില്ല, പരീക്ഷണശാലകളില്ല – മറ്റു
ജന്തുക്കളെല്ലാം ജീവിക്കുന്നു. മനുഷ്യനാകട്ടെ
ജീവിതം നയിക്കുന്നു.

ജീവിതത്തെ മുന്നോട്ട് നയിക്കുമ്പോൾ അതിൽ
രണ്ട് മൗലീക ഘടകങ്ങൾ ഉണ്ട്. അതിനെ ലക്ഷ്യബോ
ധമെന്നും, മാർഗ്ഗബോധമെന്നുമാണ് പറയുന്നത്.

ഈ ലക്ഷ്യബോധത്തെ സംബന്ധിച്ചും മാർഗ്ഗ
ബോധത്തെ സംബന്ധിച്ചും വ്യക്തമായൊരു തീരു
മാനം എടുക്കാൻ കഴിയാതെ വരുമ്പോൾ തന്നെക്കാൾ
അറിവുള്ളവരുടെ അഭിപ്രായം സ്വീകരിക്കാറുണ്ടെ
ങ്കിലും തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ആരും
കൈവിടാറില്ല.

മനുഷ്യൻ സ്വാതന്ത്ര്യത്തോടുകൂടി ജീവിക്കാൻ
ശ്രമിക്കുന്നത് അവന്റെ നിയന്ത്രണത്തിലുള്ളത് എല്ലാം
നടക്കുന്ന ഒരു ലോകത്തിലല്ല. പ്രകൃതിയിലെ നിരന്തര
വ്യതിയാനങ്ങളെ മുഴുവനായി അംഗീകരിച്ചുകൊണ്ട്
അവയ്ക്ക് പൂർണ്ണമായി വിധേയനായിക്കൊണ്ട് ജീവി
ക്കുവാനാണ് മനുഷ്യന് സാധിക്കുകയുള്ളൂ.

ഇങ്ങനെ സ്വതന്ത്രമായ തന്റെ ജീവിതത്തേയും
ആർക്കും വഴങ്ങിക്കൊടുക്കാത്ത പ്രപഞ്ചപ്രവാഹ
ത്തെയും ഏകോപിപ്പിച്ച് ജീവിതത്തെ ശാന്തിയും സമാ
ധാനവും നിറഞ്ഞതാക്കി തീർക്കുവാൻ മനുഷ്യനെ
സഹായിക്കുക എന്ന കർത്തവ്യമാണ് മനുഷ്യ ജീവി
തത്തിൽ മതം നിർവഹിക്കുന്നത്.

സ്വതന്ത്രമായ മനുഷ്യജീവിതവും പ്രപഞ്ചപ്രവാ
ഹവും പരമമായ ഒരു സത്യത്തിന്റെ രണ്ട് വ്യത്യസ്ത
മുഖങ്ങൾ മനുഷ്യന് മനസ്സിലാക്കിക്കൊടുക്കുന്നു. ഈ
ഏക സത്യത്തെ പല വിധത്തിലാണ് പല മതങ്ങളും
അവതരിപ്പിക്കുന്നത് – ഭാരതീയദർശനങ്ങൾ അതിന്റെ
ബ്രഹ്മ സത്യം അഥവാ പരമസത്യമായി കാണുന്നു.

എന്റെ ആഗ്രഹങ്ങൾ ലോകത്തിന്റെ ആഗ്രഹ
മാക്കി മാറ്റുന്ന ഒരു പ്രത്യാശയുടെ ഭാഗമാണ് മതം.
അതിലേക്കുള്ള ആശ്രയമാണ് പ്രാർത്ഥന. അതു
കൊണ്ട് പ്രാർത്ഥന തികച്ചും വ്യക്തിപരമാണ് എന്ന്
പറയുന്നു. ഒരു കൊച്ചുകുട്ടിയോട് ദൈവം എവിടെ
ഇരിക്കുന്നു എന്നു ചോദിച്ചാൽ ദൈവം സ്വർഗ്ഗത്തിൽ
ഇരിക്കുന്നു എന്നു പറയും. സ്വർഗ്ഗം എവിടെ എന്നു
ചോദിച്ചാൽ മുകളിൽ എന്നു പറയും. സ്വർഗ്ഗസ്ഥനായ
ദൈവം എങ്ങനെ നമ്മെ രക്ഷിക്കും? "അറിവാണ്
ദൈവം" ഇതെല്ലാം പറയുവാൻ കാരണമായ ഒന്നുണ്ട്.
അതാണ് ചിന്തിക്കാൻ കഴിവുള്ള മനുഷ്യൻ കണ്ടുപി
ടിച്ച 'മതം'

*Best Compliments from*

DEEPTHI ENGLISH MEDIUM SCHOOL
& PRINCE COLLEGE
KARIMANNOOR

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

# Environmental Tourism



ROSELIN JOSE P3

ദൈവത്തിന്റെ സ്വന്തം നാട്ടിൽ വളർന്നു
വരുന്ന വ്യവസായമാണ് ടൂറിസം. ടൂറിസം നമ്മുടെ
വരുമാനത്തിന്റെ വലിയൊരുഭാഗമായി തീർന്നിരിക്കു
ന്നതിനോടൊപ്പം വളരെയധികം പേർക്ക് പ്രത്യക്ഷ
മായും പരോക്ഷമായും തൊഴിൽ ലഭിക്കുകയും
ചെയ്യുന്നു. എന്നാൽ ടൂറിസ വികസനത്തിന്റെ
പേരിലും അല്ലാതെയും നശിപ്പിക്കപ്പെടുന്ന അല്ലെ
ങ്കിൽ, മലിനമാക്കപ്പെടുന്ന നമ്മുടെ പ്രകൃതി സമ്പ
ത്തുകളെപ്പറ്റി നാം ബോധവാന്മാരാകേണ്ടിയിരി
ക്കുന്നു. നശിപ്പിക്കപ്പെടുന്ന കേരളത്തിന്റെ തനതായ
സാംസ്കാരിക പൈതൃകം, വികസനത്തിന്റെ
പേരിൽ നശിപ്പിക്കപ്പെടുന്ന നമ്മുടെ പ്രകൃതി



സമ്പത്ത്, അവശേഷിപ്പിക്കുന്ന മലിന വസ്തുക്കൾ
എല്ലാം അതിവിദൂരമല്ലാത്ത ദുരന്തത്തിലേക്ക് നമ്മെ
നയിക്കുന്നുവെന്ന് സൗകര്യപൂർവ്വം നാം മറന്നുപോ
കുന്നു. ഇതിനോടൊപ്പം ചോർന്നുപോയത് നമ്മുടെ
സംസ്കാരവും, പാരമ്പര്യവും ആണെന്ന് മറക്കാ
തിരിക്കുന്നതിനോടൊപ്പം വൈദേശികമായ നല്ല വശ

ങ്ങളെ ഉൾക്കൊള്ളുന്നതും നമ്മുടെ വികസന
ത്തിന്റെ ഭാഗമാണ്.

ബ്രിട്ടീഷുകാരുടെ ആഗമനത്തിനു മുമ്പുതന്നെ
കേരളത്തിന്റെ വനസമ്പത്ത് ക്രമാതീതമായി കൊള്ള
യടിക്കപ്പെട്ടുകഴിഞ്ഞിരുന്നു. 1878-ൽ ബ്രിട്ടീഷുകാർ
വനനിയമം നടപ്പിൽ വരുത്തി. ഇതിനു ശേഷം
1882-ൽ കാട് വെട്ടിത്തെളിക്കാൻ സഹായമാകും
വിധം ആദ്യത്തെ വന നിയമവും ഉണ്ടായി. 1920
ലെ കണക്കനുസരിച്ച് കേരളത്തിലെ വനഭൂമി 40%
ൽ നിന്ന് 29.8% ആയി കുറഞ്ഞു. 50 വർഷത്തിനു
ശേഷം ഇത് 25% വും പിന്നീട് 20% വും ആയി
കുറഞ്ഞു. 1952 ലെ " ഗ്രോമോർ ഫുഡ്" എന്ന പരി

പാടിയുടെ ഭാഗമായി ജനങ്ങളെ നിർബന്ധമായി
കാട്ടിൽ താമസിപ്പിച്ചു. ഇതോടെ കാടുകൾ നാടുകൾ
ആയി മാറി. 2000 ചതുരശ്ര കിലോമീറ്റർ സ്ഥലം
സംസ്ഥാന വൈദ്യുതി വകുപ്പ് ജലവൈദ്യുത പദ്ധ
തികളുടെ പേരിൽ വെട്ടിവെളുപ്പിച്ചു. 1998 ലെ കണ
ക്കനുസരിച്ച് കേരളത്തിൽ സ്വാഭാവിക വനത്തിന്റെ

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394



ഭൂവിസ്തീർണ്ണം കേരളത്തിന്റെ ഭൂവിസ്തീർണ്ണ
ത്തിന്റെ 12% മാത്രം. മനുഷ്യന്റെ വളർച്ചയോടെ
യാണ് ലോകമെമ്പാടും വനങ്ങൾ ശോഷിക്കുവാൻ
തുടങ്ങിയത്. വനങ്ങൾ നിലനിർത്തേണ്ടതിന്റെ
സാമൂഹികവും, സാംസ്കാരികവും, ജൈവപരവു
മായ ആവശ്യം മനുഷ്യൻ പരിഗണിക്കുന്നതേയില്ല.

മൂന്നാം ലോകരാഷ്ട്രങ്ങളിൽ പ്രയോഗിക്കപ്പെ
ടുന്ന രാസവളപ്രയോഗവും, സാമൂഹ്യവൽക്കരണ
ത്തിന്റെ പേരിൽ വനഭൂമികളിൽ 'മാഞ്ചിയം'
'ആതേഷ്യ' തുടങ്ങിയ വൃക്ഷങ്ങൾ കേരളം
പോലുള്ള വരൾച്ച അനുഭവിക്കുന്ന സ്ഥലങ്ങളിൽ
നട്ടുവളർത്തുന്നത് ഭൂമിയുടെ ജൈവപരമായ സാധാ
രണത്വം ഇല്ലാതാക്കി ഊഷരമാക്കുന്നു. പ്രകൃതി
യുടെ സന്തുലിതാവസ്ഥയിൽ നാശം വിതയ്ക്കുന്ന
"പ്ലാസ്റ്റിക്" ഉപയോഗം നിരോധിക്കേണ്ടതായിട്ടുണ്ട്.
കോവളം, തേക്കടി പോലുള്ള ടൂറിസ്റ്റു കേന്ദ്രങ്ങളിൽ
അനേകം ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഓരോ സീസ
ണിലും അടിയുന്നതായി കണക്കുകൾ കാണി
ക്കുന്നു. ഒരു മലയാളിയുടെ ശരാശരി ഉപയോഗം
2.5 കിലോ പ്ലാസ്റ്റിക് ആണെന്ന് ലോകാരോഗ്യ
സംഘടന പറയുന്നു.

കേരളത്തിലെ വിനോദ സഞ്ചാരങ്ങളുടെ വിക
സനത്തിന്റെ പേരിൽ പ്രകൃതിയെ നശി പ്പിക്കുന്ന
കാര്യത്തിൽ സർക്കാരും, സ്വകാര്യ

വ്യക്തികളും ഭിന്നമല്ല. വർക്കല, തേക്കടി, മൂന്നാർ
തുടങ്ങിയ പ്രദേശങ്ങളിൽ നടത്തുന്ന നിർമ്മാണ
പ്രവർത്തനങ്ങൾ ഇതിനുദാഹരണമാണ്. നമ്മുടെ
ടൂറിസം വികസനത്തിന് "ഫൈവ് സ്റ്റാർ" ഹോട്ടലു
കളല്ല ആവശ്യം, അതൊരു ഘടകം മാത്രമേ ആകു
ന്നുള്ളൂ. പ്രകൃതിക്കൊത്ത്, പ്രകൃതിയുടെ ജൈവപ
രവും സാമൂഹ്യപരവുമായ ഘടനയ്ക്ക് മാറ്റം വരാ
തെയുള്ള വികസനമാണ് ആവശ്യം. ഇതിനെല്ലാം
പുറമേ " നിലനില്ക്കാവുന്ന വികസനം " എന്തെന്ന്
നാം അറിയേണ്ടതുണ്ട്. വികസനം എന്നാൽ ഭൗതീക
പുരോഗതി എന്നാണ് അർത്ഥമാക്കിയിരിക്കുന്നത്.
നമ്മുടെ ഭൗതീക പുരോഗതിക്കു വേണ്ടി പ്രകൃതിയെ
അമിതമായി ചൂഷണം ചെയ്യുന്ന വികൃതമായ നയ
മാണ് ഇന്നു നിലനിൽക്കുന്നത്. അതുകൊണ്ട് "വിക
സനം" എന്ന പദത്തിന് പുതിയ നിർവ്വചനം കണ്ടെ
ത്തേണ്ടിയിരിക്കുന്നു. പ്രകൃതിയോട് ഇണങ്ങി
നിൽക്കുന്ന ഒരു വികസനത്തിന് പകരം ഭാവി തല
മുറയ്ക്ക് ഭീഷണി ഉയർത്തുന്ന ഒന്നാണ് നടക്കു
ന്നത്. നമുക്കുവേണ്ടത് മനുഷ്യരാശിയുടെ മാനവി
കവും, പരിസ്ഥിതിപരവുമായ ജീവിതാവശ്യങ്ങളോട്
ചേർന്നുപോകുന്ന വികസനമാകുന്നു. ജനങ്ങൾക്കും
ഭരിക്കുന്നവർക്കും ഉണ്ടാകേണ്ടത്, നമ്മുടെ പരിസ്ഥി
തിക്കനുയോജ്യമായ ഘടകങ്ങൾ സംരക്ഷിക്കപ്പെട
ണമെന്ന അടിസ്ഥാന പരമായ അറിവാണ്.





FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

# Environmental Tourism



ROSELIN JOSE P3

ദൈവത്തിന്റെ സ്വന്തം നാട്ടിൽ വളർന്നു വരുന്ന വ്യവസായമാണ് ടൂറിസം. ടൂറിസം നമ്മുടെ വരുമാനത്തിന്റെ വലിയൊരുഭാഗമായി തീർന്നിരിക്കുന്നതിനോടൊപ്പം വളരെയധികം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കുകയും ചെയ്യുന്നു. എന്നാൽ ടൂറിസ വികസനത്തിന്റെ പേരിലും അല്ലാതെയും നശിപ്പിക്കപ്പെടുന്ന അല്ലെങ്കിൽ, മലിനമാക്കപ്പെടുന്ന നമ്മുടെ പ്രകൃതി സമ്പത്തുകളെപ്പറ്റി നാം ബോധവാന്മാരാകേണ്ടിയിരിക്കുന്നു. നശിപ്പിക്കപ്പെടുന്ന കേരളത്തിന്റെ തനതായ സാംസ്ക്കാരിക പൈതൃകം, വികസനത്തിന്റെ പേരിൽ നശിപ്പിക്കപ്പെടുന്ന നമ്മുടെ പ്രകൃതി



സമ്പത്ത്, അവശേഷിപ്പിക്കുന്ന മലിന വസ്തുക്കൾ എല്ലാം അതിവിദൂരമല്ലാത്ത ദുരന്തത്തിലേക്ക് നമ്മെ നയിക്കുന്നുവെന്ന് സൗകര്യപൂർവ്വം നാം മറന്നുപോകുന്നു. ഇതിനോടൊപ്പം ചോർന്നുപോയത് നമ്മുടെ സംസ്ക്കാരവും, പാരമ്പര്യവും ആണെന്ന് മറക്കാതിരിക്കുന്നതിനോടൊപ്പം വൈദേശികമായ നല്ല വശങ്ങളെ ഉൾക്കൊള്ളുന്നതും നമ്മുടെ വികസനത്തിന്റെ ഭാഗമാണ്.

ബ്രിട്ടീഷുകാരുടെ ആഗമനത്തിനു മുമ്പുതന്നെ കേരളത്തിന്റെ വനസമ്പത്ത് ക്രമാതീതമായി കൊള്ളയടിക്കപ്പെട്ടുകഴിഞ്ഞിരുന്നു. 1878-ൽ ബ്രിട്ടീഷുകാർ വനനിയമം നടപ്പിൽ വരുത്തി. ഇതിനു ശേഷം 1882-ൽ കാട് വെട്ടിത്തെളിക്കാൻ സഹായമാകും വിധം ആദ്യത്തെ വന നിയമവും ഉണ്ടായി. 1920 ലെ കണക്കനുസരിച്ച് കേരളത്തിലെ വനഭൂമി 40% ൽ നിന്ന് 29.8% ആയി കുറഞ്ഞു. 50 വർഷത്തിനു ശേഷം ഇത് 25% വും പിന്നീട് 20% വും ആയി കുറഞ്ഞു. 1952 ലെ "ഗ്രോമോർ ഫുഡ്" എന്ന പരിപാടിയുടെ ഭാഗമായി ജനങ്ങളെ നിർബന്ധമായി കാട്ടിൽ താമസിപ്പിച്ചു. ഇതോടെ കാടുകൾ നാടുകൾ ആയി മാറി. 2000 ചതുരശ്ര കിലോമീറ്റർ സ്ഥലം സംസ്ഥാന വൈദ്യുതി വകുപ്പ് ജലവൈദ്യുത പദ്ധതികളുടെ പേരിൽ വെട്ടിവെളുപ്പിച്ചു. 1998 ലെ കണക്കനുസരിച്ച് കേരളത്തിൽ സ്വാഭാവിക വനത്തിന്റെ ഭൂവിസ്തീർണ്ണം കേരളത്തിന്റെ ഭൂവിസ്തീർണ്ണത്തിന്റെ 12% മാത്രം. മനുഷ്യന്റെ വളർച്ചയോടെയാണ് ലോകമെമ്പാടും വനങ്ങൾ ശോഷിക്കുവാൻ തുടങ്ങിയത്. വനങ്ങൾ നിലനിർത്തേണ്ടതിന്റെ സാമൂഹീകവും, സാംസ്ക്കാരികവും, ജൈവപരവുമായ ആവശ്യം മനുഷ്യൻ പരിഗണിക്കുന്നതേയില്ല.

മൂന്നാം ലോകരാഷ്ട്രങ്ങളിൽ പ്രയോഗിക്കപ്പെടുന്ന രാസവളപ്രയോഗവും, സാമൂഹ്യവൽക്കരണത്തിന്റെ പേരിൽ വനഭൂമികളിൽ 'മാഞ്ചിയം' 'ആതേഷ്യ' തുടങ്ങിയ വൃക്ഷങ്ങൾ കേരളം പോലുള്ള വരൾച്ച അനുഭവിക്കുന്ന സ്ഥലങ്ങളിൽ നട്ടുവളർത്തുന്നത് ഭൂമിയുടെ ജൈവപരമായ സാധാരണത്വം ഇല്ലാതാക്കി ഊഷരമാക്കുന്നു. പ്രകൃതിയുടെ സന്തുലിതാവസ്ഥയിൽ നാശം വിതയ്ക്കുന്ന "പ്ലാസ്റ്റിക്" ഉപയോഗം നിരോധിക്കേണ്ടതായിട്ടുണ്ട്. കോവളം, തേക്കടി പോലുള്ള ടൂറിസ്റ്റു കേന്ദ്രങ്ങളിൽ അനേകം ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഓരോ സീസണിലും അടിയുന്നതായി കണക്കുകൾ കാണിക്കുന്നു. ഒരു മലയാളിയുടെ ശരാശരി ഉപയോഗം 2.5 കിലോ പ്ലാസ്റ്റിക് ആണെന്ന് ലോകാരോഗ്യ സംഘടന പറയുന്നു.

കേരളത്തിലെ വിനോദ സഞ്ചാരങ്ങളുടെ വികസനത്തിന്റെ പേരിൽ പ്രകൃതിയെ നശി പ്പിക്കുന്ന സ്വകാര്യ കാര്യത്തിൽ സർക്കാരും, വ്യക്തികളും ഭിന്നമല്ല. വർക്കല, തേക്കടി, മൂന്നാർ തുടങ്ങിയ പ്രദേശങ്ങളിൽ നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ ഇതിനുദാഹരണമാണ്. നമ്മുടെ ടൂറിസം വികസനത്തിന് "ഫൈവ് സ്റ്റാർ" ഹോട്ടലുകളല്ല ആവശ്യം, അതൊരു ഘടകം മാത്രമേ ആകുന്നുള്ളൂ. പ്രകൃതിക്കൊത്ത്, പ്രകൃതിയുടെ ജൈവപരവും സാമൂഹ്യപരവുമായ ഘടനയ്ക്ക് മാറ്റം വരാതെയുള്ള വികസനമാണ് ആവശ്യം. ഇതിനെല്ലാം പുറമേ " നിലനില്ക്കാവുന്ന വികസനം " എന്തെന്ന് നാം അറിയേണ്ടതുണ്ട്. വികസനം എന്നാൽ ഭൗതീക പുരോഗതി എന്നാണ് അർത്ഥമാക്കിയിരിക്കുന്നത്. നമ്മുടെ ഭൗതീക പുരോഗതിക്കു വേണ്ടി പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്ന വികൃതമായ നയമാണ് ഇന്നു നിലനിൽക്കുന്നത്. അതുകൊണ്ട് "വികസനം" എന്ന പദത്തിന് പുതിയ നിർവ്വചനം കണ്ടെത്തേണ്ടിയിരിക്കുന്നു. പ്രകൃതിയോട് ഇണങ്ങി നിൽക്കുന്ന ഒരു വികസനത്തിന് പകരം ഭാവി തലമുറയ്ക്ക് ഭീഷണി ഉയർത്തുന്ന ഒന്നാണ് നടക്കുന്നത്. നമുക്കുവേണ്ടത് മനുഷ്യരാശിയുടെ മാനവികവും, പരിസ്ഥിതിപരവുമായ ജീവിതാവശ്യങ്ങളോട് ചേർന്നുപോകുന്ന വികസനമാകുന്നു. ജനങ്ങൾക്കും ഭരിക്കുന്നവർക്കും ഉണ്ടാകേണ്ടത്, നമ്മുടെ പരിസ്ഥിതിക്കനുയോജ്യമായ ഘടകങ്ങൾ സംരക്ഷിക്കപ്പെടണമെന്ന അടിസ്ഥാന പരമായ അറിവാണ്.





FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

Newman Voice '99

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

Manufacturers of High quality P.V.C. Foot valves, Gate Valves, Water Taps, Connectors, Showers, Nipples & Reducers



FOOT VALVE  GATE VALVE  WATER TAP

SAMRAT

**SAMRAT**
**SANITARY SATURATION**
Ap. IV 26, Alakode
Thodupuzha, Kerala - 685 588
Ph: 276282

A Quality Product from the land of Dams, Rivers and Latex

Best Compliments From

**WAVES VIDEOS**
Idukki Road
THODUPUZHA

Video Cassette Library
Video DC Library
TV, VCP, VCR, VCD Player for SALE

എല്ലാവിധ ഫർണിച്ചറുകളും
ഓർഡർ അനുസരിച്ചും
അല്ലാതെയും
തെരഞ്ഞെടുക്കുവാൻ

**നെല്ലുവേലിൽ**
**ഇൻഡസ്ട്രീസ്**
പാലാ റോഡ്, തൊടുപുഴ
Ph: 222123

N.B: ആധുനിക രീതിയിലുള്ള ഇലക്ട്രിക് ഓവൻ ഉള്ള ഒരേ ഒരു സ്ഥാപനം

PURE GOLD PURE GOLD PURE GOLD PURE GOLD PURE GOLD PURE GOLD PURE GOLD

**കണ്ടിരിക്കൽ ജ്വല്ലേഴ്സ്**
തൊടുപുഴ - Ph: 222314, 223020, കോതമംഗലം- 822614
ട്രാവൽസ് (Passport, air tickets) Ph: 225314, 225614
ടൈംസ് (all kinds of watches) Ph; 223253, 222466

PURE GOLD PURE GOLD PURE GOLD PURE GOLD PURE GOLD PURE GOLD PURE GOLD



(Vehicle Assembled Buildings) ൽ വിക്ഷേപ
ണയോഗ്യമായി സ്ഥാപിക്കുന്നു.

1969 July 16 നാണ് Appolo II Kape Kennedy
യിൽ നിന്ന് വിക്ഷേപിച്ചത്. ഈ സാഹസിക യാത്ര
യ്ക്കൊരുങ്ങി നിൽക്കുന്ന യാത്രികർ.... 38 വയസ്സു
കാരനായ നീൽ. എ. ആംസ്ട്രോംഗ് ആയിരുന്നു
നായകൻ. 38 വയസ്സുകാരനായ മൈക്കൽ
കോളിൻസ്, 39 വയസ്സുകാരനായ എഡ്വിൻ ഇ.
ആൻഡ്രിൻ എന്നിവരായിരുന്നു സഹയാത്രികർ.
ഇവർ പലതവണ ബഹിരാകാശ യാത്ര നടത്തിയി
ട്ടുണ്ട്. രാവിലെ 7.02 നാണ് Appolo II യാത്രയാരംഭി
ച്ചത്. ഇത് ആദ്യം കിഴക്കോട്ട് ആഫ്രിക്കയുടെ നേർക്ക്
അല്പം ചെരിഞ്ഞ്, ഉയർന്ന് ഭൂമിയെ ഭ്രമണം
ചെയ്തു. ജൂലൈ 19 ന് 10.56 PMന് ചന്ദ്രന്റെ
ആകർഷണ മേഖലയിൽ 8 പ്രദക്ഷിണം പൂർത്തി
യാക്കി. ഇതിനിടയിൽ ആംസ്ട്രാഗും ആൻഡ്രിനും
കൂടി ഒരു തുരങ്കത്തിലൂടെ പ്രവേശിച്ച് ലൂണാർ
മോഡ്യൂളിൽ പ്രവേശിച്ചു. ചന്ദ്രപേടകം ജൂലൈ 21
ന് 1.50 AM ന് ചന്ദ്രനിലിറങ്ങി.

ചന്ദ്രയാത്രികർ Constant wear garments
ആണ് ഉപയോഗിക്കുന്നത്. ഇതിൽ കൃത്രിമാന്ത
രീക്ഷം സജ്ജീകരിച്ചിരിക്കും. ഇതിനു പിന്നിലായുള്ള
പേടകം സാധാരണയായി Fibre Glass കൊണ്ടാണ്
നിർമ്മിക്കുന്നത്. വാർത്താവിനിമയോപാധികൾ
ഇതിൽ ക്രമീകരിച്ചിട്ടുണ്ട്. 3 അടുക്കുകളായുള്ള ഉടു
പ്പിന്റെ ഏറ്റവും ഉള്ളിൽ Liquid cooling garment
ആണ്. ഇത് ശരീരോഷ്മാവിനെ നിയന്ത്രണവിധേ
യമാക്കുന്നു. പിന്നിൽ Torso limp suit. തലയും
കയ്യും ഒഴികെ ഇതാവരണം ചെയ്തിരിക്കുന്നു.
ഏറ്റവും പുറകിൽ Integrated Thermal
matearoid garment. പ്രത്യേകതരം Boot ഉം കയ്യു
റയും ശിരസ്സ് ആവരണം ചെയ്യാനായി പ്രത്യേകതരം
കവചവും ഉണ്ട്.

ചന്ദ്രനിലേക്കിറങ്ങാൻ വാഹനത്തിന്റെ
കോണിപ്പടിയിലൂടെ സാവകാശമിറങ്ങി ചുവട്ടിലെ
ത്തുമ്പോൾ കാലിന്റെ ചുവട്ടിലുള്ള പാദമെത്തയിൽ
വലതുകാലുറപ്പിച്ച് ഇടതുകാൽ നിലത്തുകുത്തുന്നു.
8.27ന് ചന്ദ്രനിൽ കാലുകുത്തിയ ആംസ്ട്രോംഗ്
ആവേശത്തോടെ പറഞ്ഞു. "ഒരു മനുഷ്യന്റെ
കാൽവയ്പോ, എന്നാൽ മാനവരാശിക്കൊ, ഒരു
മഹാ കുതിച്ചുചാട്ടം".

2 മണിക്കൂർ 40 മിനിട്ട് ആംസ്ട്രോങ്ങും
ആൽഡ്രിനും ചന്ദ്രോപരിതലത്തിൽ ചെലവഴിച്ചു.
കോളിൻസ് മുഖ്യപേടകത്തിൽ ചന്ദ്രനെ ചുറ്റിക്കൊ
ണ്ടിരുന്നു. 11.23 ന് വീണ്ടും പേടകം ചന്ദ്രനിൽനി
ന്നുയർന്നു. 22-ാം തീയതി 3.05 PMന് ചന്ദ്രപേടകം
മുഖ്യപേടകവുമായി യോജിച്ചു. പിന്നീട് ചന്ദ്ര വാഹ
നമുപേക്ഷിച്ച് ഭൂമിയിലേക്ക് യാത്ര തുടർന്ന് 24 ന്
രാത്രി 10.20 ന് അവർ പസഫിക് സമുദ്രത്തിലി
റങ്ങി.

ഭൂമിയുടെ 1/4 വലിപ്പമുണ്ട് ചന്ദ്രന്. ഭൂമിയിൽ
നിന്നും ശരാശരി 3,82,168 കിലോമീറ്റർ അകലെ
യാണ് ചന്ദ്രൻ. വ്യാസം 3476 KM. ചന്ദ്രൻ ഭൂമിയെ
വലംവയ്ക്കാൻ 27.3 ദിവസം (27 ദിവസം, 7 മണി
ക്കൂർ, 43 മിനിട്ട് 11.47 സെക്കന്റ്) എടുക്കുന്നു. ചന്ദ്രൻ
സ്വന്തം അച്ചുതണ്ടിൽ കറങ്ങുന്നതിനാൽ ഇതിന്റെ
59% മാത്രമേ നമുക്ക് കാണുവാൻ സാധിക്കൂ. ചന്ദ്രോ
പരിതലത്തിൽ വസ്തുവിന്റെ ഭാരം ഭൂമിയിലേതിന്റെ
1/6 മാത്രമാണ്. ഉൽക്കയുടെ തുടർച്ചയായ പതനം
ചന്ദ്രോപരിതലത്തിൽ വലിയ പാറകളും പർവ്വത
ങ്ങളും വലിയ ഗർത്തങ്ങളും സൃഷ്ടിച്ചു. ചന്ദ്രനിൽ
വലിയ ജലാശയങ്ങളൊന്നുമില്ലെങ്കിലും അല്പം ജല
മുണ്ട്. ചന്ദ്രനിലെ താപനില ഏറ്റവും കൂടിയത്
+130°Cഉം കുറഞ്ഞത് -170°C ഉം ആണ്. ചന്ദ്രനിലെ
കല്ലുകളുടെ കാലപ്പഴക്കം 450 കോടി വർഷമാണെന്ന്
തിട്ടപ്പെടുത്തിയിരിക്കുന്നു. ഇരുമ്പ്, സ്ട്രോൺഷ്യം,
ബേരിയം, യുറേനിയം, ടൈറ്റാനിയം തുടങ്ങിയ മൂല
കങ്ങളുടെ സാന്നിദ്ധ്യം ചന്ദ്രനിലുണ്ട്.

ബഹിരാകാശയാത്ര ഇന്നും മനുഷ്യനെ
ആവേശം കൊള്ളിക്കുന്നു. അതിനുദാഹരണമാണ്
1998 Oct. 29 ന് John Glenn തന്റെ 77-ാം വയ
സ്സിൽ ബഹിരാകാശ യാത്ര നടത്തിയത്. ബഹിരാ
കാശത്ത് ഒരു ഹോട്ടൽ നിർമ്മിക്കാനുള്ള തീവ്രശ്ര
മത്തിലാണ് ജപ്പാൻ. ബഹിരാകാശ നഗരത്തിനു
വേണ്ട രൂപരേഖ NASA തയ്യാറാക്കിക്കഴിഞ്ഞു.
ശാസ്ത്രപുരോഗതിയാണിവിടെ വെളിവാകുന്നത്.
വിസ്മയ കലവറയായ ചന്ദ്രോപരിതലത്തിൽ പുതിയ
വാസസ്ഥലങ്ങൾ ഒരുങ്ങുന്ന ദിനത്തിന്റെ ഉദ്ഘാ
ടനം നമുക്ക് പ്രതീക്ഷയോടെ കാത്തിരിക്കാം.

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

NIRAPPEL
നിരപ്പേൽ
ഏജൻസീസ്
ഇടുക്കി റോഡ്, തൊടുപുഴ
ഫോൺ : 222217

ഗൃഹോപകരണങ്ങൾക്ക്
ഒനിഡ, ഫിലിപ്സ്
പാനാസോണിക്
തോംസൺ, T.V. & Audio
വേൾപൂൾ വാഷിംഗ് മെഷീനുകൾ,
മിക്സി, ഗ്രൈന്റർ, വാച്ച്,
ക്ലോക്ക്, ഫാൻ Etc

Best Compliments
Asad
BOOK CENTRE
THODUPUZHA
Ph: 222323, Res. 226323, Fax: 222323

ആശംസകൾ....
ഐസര
സ്റ്റീൽ ഹൗസ്
പാലാ റോഡ് തൊടുപുഴ
സ്റ്റീൽ പാത്രങ്ങൾ
പ്രസന്റേഷൻ സെറ്റുകൾ etc.

ആശംസകളോടെ

ചെട്ടിപ്പറമ്പിൽ
ടെക്സ്റ്റയിൽസ്
തൊടുപുഴ - 685 584
ഫോൺ: 222562, 224253
സാരികൾക്ക് പ്രത്യേക
A/C വിഭാഗം



ഏറിയാൽ മൂന്നോ നാലോ വർഷം കഷ്ടിച്ച് പിടിച്ചു നിൽക്കുന്നു. അടുത്തിടെ തള്ളിക്കയറിയ യുവനടിമാരിൽ എത്രപേർ ഇപ്പോൾ രംഗത്തുണ്ടെന്നത് ഓർക്കുക. നിലനിൽക്കുന്നത് പൈങ്കിളികൾക്ക് പറ്റിയ കുറേ ടീനേജ് ബാലികമാർ മാത്രമാണ്. ഈയൊരവസ്ഥയ്ക്ക് കാരണം മേൽപറഞ്ഞ കാമ്പുള്ള കഥാപാത്രങ്ങൾ സിനിമയിൽ ഇല്ലാതാകുന്നത് തന്നെയാണ്. വ്യക്തിത്വമുള്ള കഥാപാത്രങ്ങളെ അവതരിപ്പിച്ച് ജനമനസ്സുകളിൽ സ്ഥാനം നേടാൻ ഒരു നടിയ്ക്കും അവസരമുണ്ടാകുന്നില്ല. ഇവിടെ നടികൾ പിടിച്ചുനിൽക്കാൻ വയ്യാത്തവിധം ഗ്ലാമറൈസ് ചെയ്യപ്പെടുകയാണ്. ഒരു താരത്തിന്റെ ഗ്ലാമർ ഒന്നോ രണ്ടോ പടത്തിൽ കൂടുതൽ കണ്ട് രസിക്കാൻ പ്രേക്ഷകനെ കിട്ടത്തില്ല. അതോടെ അവൾ പുറത്താകുന്നു. അടുത്ത ഗ്ലാമർ ഗേൾ രംഗം കയ്യടക്കുന്നു. സ്ത്രീയുടെ ശബ്ദം അൽപമെങ്കിലും കേൾപ്പിച്ച് ചിലകഥാപാത്രങ്ങളെ അവതരിപ്പിച്ച് ശാരദയും മറ്റും നേടിയ ആദരവ് ഇവിടെ ഓർക്കുന്നത് നന്നായിരിക്കും.

കെ.ജി. ജോർജ്ജിന്റേയും പത്മരാജന്റേയും എം.ടിയുടേയും ചുരുക്കം ചില സ്ത്രീ കഥാപാത്രങ്ങളെ മറന്നുകൊണ്ടല്ലാതെതന്നെ പറയട്ടെ, മലയാള സിനിമ ഇന്നേവരെ അതിന്റെ പ്രമേയത്തിലോ, ദർശനത്തിലോ, ചിത്രീകരണത്തിലോ, സ്ത്രീയോട് നീതി ചെയ്തട്ടില്ല. ക്രൂരവും കുറ്റകരവുമായ അനാസ്ഥയും ഉദാസീനതയുമാണ് ഈ കാര്യത്തിൽ ചലച്ചിത്ര ബുദ്ധിജീവികളിൽ നിന്നുമുണ്ടാകുന്നത്. വർഗ്ഗപരവും ലിംഗപരവുമായി പുരുഷാധീശത്വം അടിച്ചേൽപ്പിക്കുന്ന അസമത്വങ്ങളെ ആഭാസകരമായി ന്യായീകരിക്കുന്ന സമീപകാല മലയാള സിനിമകൾ സ്ത്രീത്വത്തെ അപമാനവീകരിക്കുന്നു. ഒപ്പം കുടുംബസംസ്കാരത്തേയും മാനുഷിക ബന്ധങ്ങളേയും വികലമായ ശക്തിമത്സര പ്രകടനങ്ങൾക്ക് നിർബന്ധിച്ച് പുരുഷശരീരത്തേയും വികൃതമായ ലൈംഗീക ധ്വനികൾ നിറച്ച് സ്ത്രീശരീരത്തേയും അവ നാണം കെടുത്തുന്നു. ഇവയിൽ സ്ത്രീകൾ അകംപൊള്ളയായ നൃത്തപ്രകടനകോലാഹലങ്ങൾ മാത്രമാണ്. ഇവയിലൂടെ പ്രന്തവത്കരിക്കപ്പെട്ട ജീവിതങ്ങൾ കൂടുതൽ പ്രാന്തവത്കരിക്കപ്പെടുന്നു. വേദനാജനകമായ മറ്റൊരു വസ്തുത സിനിമയിലെ പുരുഷകാഴ്ചയുമായി അപകടകരമായ ഒരു ഒത്തുതീർപ്പിൽ സ്ത്രീകൾ എത്തിച്ചേരുന്നു എന്നതാണ്. നമ്മുടെ സഹോദരിമാർ ശരീരംകൊണ്ട് സിനിമാനടികളെ അനുകരിക്കുകയും ആൺകുട്ടികളിൽ നായകൻമാരുടെ സവിശേഷതകൾ ഉള്ളവരെ തെരയുകയും ചെയ്യുന്നു. പല്ലും നഖവുമുപയോഗിച്ച് സിനിമയുടെ സ്ത്രീവിരുദ്ധതയെ പ്രതിരോധിക്കേണ്ടിവരുന്നതും ഇത്തരുണത്തിലാണ്. സിനിമ പ്രക്ഷേപിക്കുന്ന ജനകീയവും മനുഷ്യവിരുദ്ധവുമായ സ്ത്രീചിത്രങ്ങളെ തിരിച്ചറിയാനും പ്രതിരോധിക്കാനും മറികടക്കാനും കഴിയേണമെന്നത് സ്ത്രീ ഉണർച്ചയുടെ അടിയന്തിരാവശ്യം തന്നെയാണ്. ●

Best Compliments

Dealers in:

Action,
Bata,
Woodlands,
Lotus Bawa,
Phoenix,
Florina,
V.I.P. etc.

Avenue
FOOT WEARS
PULIMOOTTIL PLAZA, NEAR PVT. BUSSTAND
THODUPUZHA



FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

Newman Voice '99

# Secularism in My vision



✍ BINSON P. AUGUSTINE $Z_4$

India is said to be the largest and prominent secular country in the world, where various religions abide in harmony and tranguility. Our national Father and leader Mahatma Gandhi had a clear notion and conviction on the secular aspect of the country. He had the belief that 'United we stand, divided we fall, which clearly states the importance of preserving unity among all religions. The very word secularism means that it gives the freedom to exercise each ones religious and spiritual practices, without interfearing in other's business. But when this freedom is curtailed or broken from any part there comes the real thread or challenge to the secular aspect of the country which is preserved by centuries.

India has a rich ancient cultural and traditional history. This country has various cultures and spiritual practices and many religions abide in our country. But inspite of all these differentiating factors prevailing in the country India keeps up 'Unity in diversity.'

But this scenario is a changed refrain in the country because of the new developments occured. At present the term secularism may be a promiscuous idea and to say really whether secularism in India is a'safe and secure one is a tough point to tackle.

Religiosity and patriotism in the country is weakened day by day by the money-minded, rather than patriotic and unity minded,political and religious leaders. Fight between various religions for superiority and originality becomes a regular and, common phenomenon. It was in this country once, the secularism and harmony religions had a room and same thinking patterns.

If we analyse and see in the post independent history of India, there will be thousands and lakhs of incidents which created real thread to the secular aspects of the country. Most religions claim that they have originality and superiority over other religions and if we take India as the reference point we may conclude that Hinduism has a superior part in our country. They consider all other religions as inferior with indifferent thoughts and actions. So they went to establish the fact that India is the land of Rama where Hinduism enjoys superiority over all other religions. The service minded people especially X'tian missionaries who does a fantastic job educating the poor people are being brutly attacked in some North Indian States.

An Australian Priest Graham Stevens and his two sons were murdered in Orissa. The only mistake he committed was to do service to the poor leprosy patients. This particular group of people who are led by their own sentiments and convictions are travelling in a wrong way. This nasty ones may devastate the secular aspect of the country. This tendency of aggresion against X' tian missionaries cannot be encouraged.

Our secular concepts are in a wrong way today. Inspite of all the diversity we have to keep up the unity and have to realise that we are the sons and daughters of our motherland India and the blood flowing through our vein is same and the preservation of unity and integrity should be our prime duty. ●

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

സാരികൾ,
ഷർട്ടിങ്ങുകൾ,
റെഡിമെയ്ഡ് വസ്ത്രങ്ങൾ....



**പ്രിമിയർ ടെക്സ്റ്റയിൽസ്**
തൊടുപുഴ
PH: 228517



**Sargam**
**STUDIO & VIDEOVISION**
Choorappuzha Towers, Pala Road,
THODUPUZHA, PH: 227266
Special effect
VIDEOGRAPHY & PHOTOGRAPHY
PASSPORT SIZE PHOTO WITHIN 1 HOUR

കേന്ദ്ര ഗവൺമെന്റ് അംഗീകൃത
പാരാമെഡിക്കൽ കോഴ്സുകളുടെ പരീക്ഷയിൽ 100% വിജയം
**തൊടുപുഴ**
**മേരി മാതാ ഇൻസ്റ്റിറ്റ്യൂട്ടിൽ**
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.
കോഴ്സുകൾ
നേഴ്സിംഗ് അസിസ്റ്റന്റ്, ലബോറട്ടറി ടെക്നീഷ്യൻ
X-Ray ടെക്നീഷ്യൻ, E.C.G.
യോഗ്യത : S.S.L.C.
Director
MARY MATHA INSTITUTE (Near Govt. Boys H.S.)
APPROVED BY AICTE-CEP
Approval No. F. New - 2064
Thodupuzha - East -685 585, Phone: 226730

# Arts Carnival



Arts Carnival Inaugurated by **Smt. MARY CYRIAC,** (President Zilla Panchayat)



**SURESH KUMAR G.**
General Secretary



**Smt. MARY CYRIAC**



**SIMI TREESA JOSE**
Vice Chairman



**BABU K. GEORGE**
U.U.C.



**CHINTHA S.**
U.U.C.



**ANAS K.K.**
Arts Club Secretary

# Arts Carnival





















# Arts Carnival



SOJAN THOMAS P4
(News Editor)

# ന്യൂമാൻ ടൈംസ്

## കാമ്പസിനൊരു വർത്തമാനപത്രം

ന്യൂമാൻ കോളേജ് കാമ്പസിലൂടെ ഒരു വർത്തമാനപത്രം സഞ്ചരിക്കുകയാണ്. കലാലയത്തിന്റെ ഉൾത്തുടിപ്പുകളും വർണ്ണമേളങ്ങളും ഒപ്പിയെടുത്ത്, അവയെ പത്രപ്രവർത്തനത്തിന്റെ വീക്ഷണകോണിലൂടെ വിവേചിച്ചറിഞ്ഞ്, വർഗീകരിച്ച് വിദ്യാർത്ഥികളിലെത്തിക്കുകയാണ് 'ന്യൂമാൻ ടൈംസ്' എന്ന വർത്തമാനപത്രം. പത്രപ്രവർത്തനത്തിന്റെ ഈ സങ്കീർണ്ണ പ്രക്രിയകൾ നടത്തുന്നതു മുഴുവൻ കോളേജിലെ തന്നെ വിദ്യാർത്ഥികളാകുമ്പോഴാണ് ഇതിന് പ്രാധാന്യമേറുന്നത്. ന്യൂമാൻ കോളേജിൽ പ്രവർത്തിക്കുന്ന കരിയർ ഗൈഡൻസ് സെല്ലിന്റെ കാമ്പസ് പ്രവർത്തനങ്ങളുടെ ഭാഗമാണ് ന്യൂമാൻ ടൈംസ് പ്രസിദ്ധീകരിക്കുന്നത്. ഓരോ ആഴ്ചകളുടേയും അവസാനം, കാമ്പസിൽ നടക്കുന്ന പ്രധാന സംഭവങ്ങളും ക്രിയാത്മക പ്രവർത്തനങ്ങളും ക്രോഡീകരിച്ച് ഒരു വർത്തമാനപത്രത്തിന്റെ ശൈലിയിൽ പുറത്തിറങ്ങുന്ന 'ന്യൂമാൻ ടൈംസി' ന് അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ആവേശകരമായ പ്രതികരണമായിരുന്നു ലഭിച്ചത്. 1997 -98 അദ്ധ്യയന വർഷം ആദ്യമായി പുറത്തിറങ്ങിയ പത്രം ഇതിനോടകം പതിനെട്ടോളം പതിപ്പുകൾ പ്രസിദ്ധീകരിച്ചു. പാഠ്യപ്രവർത്തനങ്ങൾക്കൊപ്പം പത്രപ്രവർത്തനത്തിന്റെ വിശാല സാധ്യതകളിലും താല്പര്യമുള്ള ഒരു പറ്റം വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും അക്ഷീണ പ്രയത്നമായിരുന്നു കാമ്പസിന് മാതൃകാപരമായ 'ന്യൂമാൻ ടൈംസിന്' പിന്നിൽ. സ്റ്റാഫ് അഡ്വൈസർമാരായ പ്രൊഫ. K.A. അബ്രഹാം, പ്രൊഫ. ജോ ജേക്കബ് എന്നിവരുടെ ആധികാരികത്വത്തിൽ സോജൻ തോമസ് (P4) നേതൃത്വം നല്കിയ എഡിറ്റോറിയൽ ബോർഡിൽ ജോജി ജോസ് (L4), ജിമ്മി തോമസ് (P4), മീര യു. നായർ, ലിസ് മേരി പൗലോസ്, ജോതിസ് ജോബ് (P4), ദിവ്യ എസ്. നായർ (L4) എന്നീ വിദ്യാർത്ഥികളായിരുന്നു പ്രവർത്തിച്ചിരുന്നത്.

വിദ്യാർത്ഥികളുടെ സർവ്വോൻമുഖമായ വികസനത്തിന് ഊന്നൽ നല്കുന്ന കരിയർ ഗൈഡൻസ് സെല്ലിന്റെ പ്രവർത്തനങ്ങളിൽ ഒരു സുവർണ്ണ തിലകമായിരുന്നു ന്യൂമാൻ ടൈംസ്.





FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

Newman Voice '99

ഒരു പഠനം

# കേരളത്തിന്റെ 4-ാം അന്താരാഷ്ട്ര ചലച്ചിത്ര മേള

3–10 ഏപ്രിൽ '99
കൊച്ചി ● ഇന്ത്യ




വെള്ളിത്തിരയിൽ വർണ്ണപ്രപഞ്ചമൊരുക്കിക്കൊണ്ട് എറണാകുളം ഷേണായ്സ്, ലിറ്റിൽ ഷേണായ്സ്, സരിത, സവിത, സംഗീത എന്നീ തിയേറ്ററുകളിൽ 1999 ഏപ്രിൽ 3 മുതൽ 10 വരെ ഒരാഴ്ചക്കാലം നീണ്ടുനിന്ന 4-ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവം നടക്കുകയുണ്ടായി. കല്ലൂർക്കാട് **കോസ്മോ പൊളിറ്റൻ ലൈബ്രറിയുടെ** പ്രസിഡന്റ് എന്ന നിലയിൽ മേളയിൽ പ്രതിനിധിയായി പങ്കെടുക്കുവാൻ അവസരം ലഭിച്ചത് അപ്രതീക്ഷിതമായിട്ടായിരുന്നു. മൂന്നാം ലോകരാജ്യങ്ങളിൽ നിന്നുള്ള ഒരുപിടി നല്ല ചിത്രങ്ങളുടെ സാർത്ഥകതയുമായി കേരളത്തിന്റെ നാലാമത് ചലച്ചിത്ര മേള കടന്നുപോയപ്പോൾ ആ ജീവന്റെ തുടിപ്പുള്ള ചിത്രങ്ങൾ സമ്മാനിച്ചത് മായ്ച്ചാലും, മായ്ച്ചാലും മായാത്ത മധുരസ്മരണകളായിരുന്നു.

വൈകിട്ട് 5 മണിക്ക് സരിത തിയേറ്ററിൽ ബഹു. മുഖ്യമന്ത്രി ഇ.കെ. നായനാർ നിലവിളക്കു കൊളുത്തി മേളയുടെ ഉദ്ഘാടനം നിർവഹിച്ചു. സാംസ്കാരിക വകുപ്പു മന്ത്രി ടി.കെ. രാമകൃഷ്ണൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഡോ. സെബാസ്റ്റ്യൻ പോൾ എം. എൽ.എ, ജോർജ്ജ് ഈഡൻ എം.പി., ചലച്ചിത്ര നടൻമാരായ മമ്മൂട്ടി, മോഹൻലാൽ, മധു, നടി ദിവ്യാഉണ്ണി, ചലച്ചിത്രമേള ജൂറി ചെയർമാൻ അടൂർ ഗോപാലകൃഷ്ണൻ, ചലച്ചിത്ര അക്കദമി ചെയർമാൻ ഷാജി എൻ. കരുൺ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



ഭാരതത്തിന്റെ അഭിമാനമായ സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ 'സരിത' യിലേയ്ക്ക്...

ലോകസിനിമയിൽ കൊടുങ്കാറ്റുയർത്തിയ ജാപ്പനീസ് ചലച്ചിത്രകാരൻ അകീരാ കുറോസോവയ്ക്ക് ശ്രാദ്ധാഞ്ജലിയർപ്പിച്ചു കൊണ്ടു അദ്ദേഹത്തിന്റെ "ഡ്രീംസ്" ഉദ്ഘാടന ദിവസം തന്നെ സരിത, സവിത എന്നീ തിയേറ്ററുകളിൽ ഒരേ സമയം പ്രദർശിപ്പിച്ചു. ലോകപ്രശസ്ത ഹോളിവുഡ് സംവിധായകൻ സ്റ്റീവൻ സ്പിൽബർഗ് 1990-ൽ നിർമ്മിച്ച 'ഡ്രീംസ്' അവിസ്മരണീയമായ എട്ടു സ്വപ്നദൃശ്യങ്ങളെ കൂട്ടിയിണക്കിയിരിക്കുന്ന ചലച്ചിത്രകാവ്യമാണ്. വനനശീകരണം തുടങ്ങി പ്രകൃതിയോടു മനുഷ്യൻ അനുവർത്തിക്കുന്ന ക്രൂരതയും, അണ്വായുധ ഭീഷണിയിൽ ജീവിക്കുന്ന മാനവരാശിയുടെ ദൈന്യതയുമെല്ലാം ഈ മഹനീയ ചിത്രത്തിൽ പ്രതിപാദിക്കുന്നു. മനസ്സിലെ സ്വപ്നങ്ങൾ, ചലച്ചിത്രത്തിന്റെ ക്യാൻവാസിൽ വരകൾക്കും വർണ്ണങ്ങൾക്കും പകരം ദൃശ്യങ്ങളും, വാക്കുകളും, സ്വരങ്ങളും, താളങ്ങളും ഉപയോഗിച്ചു വരയ്ക്കുകയാണ് കുറോസോവ ചെയ്യുന്നത്.



ഹലോ., സുചിത്രയല്ലേ..! മോഹൻലാൽ 'സരിത' യിലെ ലോഞ്ചിൽ.....

എന്നാൽ എന്നെ ഏറ്റവുമധികം ആകർഷിച്ചത് ലോക സിനിമാ വിഭാഗത്തിൽ ഷേണായ്സിൽ പ്രദർശിപ്പിച്ച പ്രശസ്ത ഹംഗേറിയൻ ചലച്ചിത്രകാരൻ ജാനോസ് സുസാസിന്റെ സംവിധാനപ്രതിഭയിൽ രൂപം കൊണ്ട "ദ വിറ്റ്മാൻ ബോയ്സ്" എന്ന ചലച്ചിത്രമായിരുന്നു. മനോ

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

# Technical Assistance


Mathew J. Thottunkal $K_4$


Biju Mathew $H_4$


Sijo Valliyanippuram $H_4$


James A.J. $H_4$


Jomon V.J. $M_4$


Najeema A.U. $P_4$


Dileesh P.R. $E_4$


Shibu Jacob $E_4$


Ajesh K. Manual $E_4$


Gishore J. Kallarackal $K_4$



Ajesh M. Vincent $K_4$


Nyji Joseph $L_5$


Shan P.B. $K_2$


Jismon Joy. $K_3$


Abheesh Kumar S. $P_3$


Shyjan Jose $M_4$


Mathews $H_4$


Jlbymon James $H_4$


Jobin Jose $L_3$


Prabesh V.R. $M_4$


# പ്രസിഡൻസി കോളേജ്

ബൈപ്പാസ് റോഡ്, തൊടുപുഴ , Ph: 222367

കോഴ്സുകൾ

**S.S.L.C., P.D.C., B.A.,**
**B.Com., M.A.(Malayalam),**
**M.A. (Economics) & M.Com.**

*Director*: Gigi Varghese, M.A., D.B.M., *Principal*: Saraswathi Antherjenam, M.A. (ധന്വന്തരി മഠം)

## ADMISSION GUIDANCE

Gen. Nursing, B.Sc. Nursing, B.P.T., M.B.A., M.C.A., M.S.W.
Engineering, M.B.B.S., B.D.S.,
തുടങ്ങിയ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കുന്നതിന് നേരിൽ സമീപിക്കുക.
**Director, Presidency College, Thodupuzha**
Ph: 222367, Mobile: 98460 63378

ആശംസകൾ

## പാലിയത്ത് ഏജൻസീസ്

മങ്ങാട്ടുകവല, തൊടുപുഴ
Ph: 226721

സ്റ്റീൽ അലമാരകൾ, ഫോംബെഡ്ഡുകൾ,
ഫൈബർ കസേരകൾ etc.

SPECIALISTS IN SUIT & PANTS

## City-pants

DRESS MAKERS

**Mattappilli Buildings**
Main Road, Thodupuzha. Ph: 226074

**Near Newman College**
Karikode - Vimalalayam Road,
Thodupuzha. Ph: 226181

## CEDTI

CENTRE FOR ELECTRONICS DESIGN AND TECHNOLOGY OF INDIA

A SCIENTIFIC SOCIETY UNDER DEPARTMENT OF ELECTRONICS
GOVT. OF INDIA
COMPUTER EDUCATION DIVISION
AUTHORISED TRAINING CENTRE: - DIGTAL INFOTECH
Near Employment Exchange, Thodupuzha, Ph: 227499

*Trendy*

We assure **ST** for college students by Two wheelers in all aspects ! (80 km/ltr)*

LML



**CLASSIK MOBILES**

MVPA Road

Thodupuzha ✆: 223839

കോളേജ് വിദ്യാർത്ഥികൾക്കായുള്ള ടൂ വീലറിന്റെ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു.



Pulse

*120 W Stereo Deck Rs. 750 Only*

*V.C.D., V.C.P., Codeless Phone, Tape Recorder, Digital Diary, Speaker Box....*

**J.F. DIGITAL SUPER SHOP**

MARKET ROAD, THODUPUZHA

*Audio, Video Cassette Wholesale*

**J.F. VIDEOS**

MARKET ROAD, THODUPUZHA, PH: 225214, RES. 225116

അഡ്മിഷൻ തുടരുന്നു

**TRONIX**

INSTITUTE OF ENGINEERING

(Recognised by Government)

| | |
|---|---|
| Pala | Opp. Town Hall. Ph: 214131 |
| Thodupuzha | Co-Op. College Road. Ph: 227074 |
| Kanjirappally | Opp. Bus Stand, Main Road |
| Kanhangad | T.B.Road, Jn. Ph: 214131 |
| Kannur | J.S. Paul Corner. Ph: Ph: 760891 |
| Mangalore | Hoige Bazar. Ph: 421392 |

ഗവ. സർട്ടിഫിക്കറ്റ് കോഴ്സുകൾ (KGCE & ITES)

ഇലക്ട്രോണിക്സ്, റേഡിയോ & ടി.വി., വി.സി.ആർ. ഓട്ടോമൊബൈൽ എൻജി., ഇലക്ട്രിക്കൽ എൻജി., A/c & റഫ്രിജറേഷൻ, ഓട്ടോ ഇലക്ട്രീഷ്യൻ, ഇലക്ട്രീഷ്യൻ കം പ്ലംബർ, അലൂമിനിയം ഫാബ്രിക്കേഷൻസ്, X-Ray വെൽഡിംഗ്, ആധുനിക പ്രാക്ടിക്കൽ സൗകര്യങ്ങൾ, വിദഗ്ദ്ധരായ എൻജിനിയേഴ്സിന്റെ മേൽനോട്ടത്തിലുള്ള മികച്ച പ്രാക്ടിക്കൽ പരിശീലനം. ഒരാൾക്ക് ഒരു ടി.വി. കിറ്റ്, വിദേശങ്ങളിൽ ജോലി ലഭിക്കുവാൻ പ്രത്യേക പരിശീലനം. സൗജന്യ കംപ്യൂട്ടർ കോഴ്സുകൾ, KGCE പാസ്സാകുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രശസ്ത സ്ഥാപനങ്ങളിൽ പരിശീലന സൗകര്യം, ബസ് കൺസഷൻ, പെൺകുട്ടികൾക്കും പ്രവേശനം.

**X-RAY WELDING**

ദിവസവും 3 മണിക്കൂർ പ്രാക്ടിക്കൽ സഹിതം

...ോഴ്സ് നടത്തുന്ന ദക്ഷിണേന്ത്യയിലെ പ്രശസ്ത സ്ഥാപനം

**കംപ്യൂട്ടർ ജാതകം**

**DTP SERVICE**

(English & Malayalam)

**STREAMLINE COMPUTERS**

Gunaseelan Buildings

Opp. Pvt. Bus Stand

Thodupuzha Ph: 222785

**ലെനാക്ക്**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ടെക്നോളജി

തൊടുപുഴ (Opp. പ്രകാശ് പമ്പ്)

Approved by Govt. of India (AICTE - CEP)

*Courses:*

Medical Lab, X-Ray, E.C.G., Nursing Assistant


# *Golden Moments with* PAKISTAN *Cricket Team*













MAYURA TDPA





# Beautiful moments with Pakistan cricket team

അപ്രതീക്ഷിതമായിട്ടാണ് 'പാകിസ്ഥാൻ ക്രിക്കറ്റ് ടീമുമായി അഭിമുഖം' എന്ന ആശയമുദിച്ചത്. ഒരു ദിവസം മാഗസിന്റെ ചില ആവശ്യങ്ങൾക്കായി ചെയർമാൻ ജയ്സണുമൊത്ത് എറണാകുളം വരെ പോയ സമയത്താണ് പാകിസ്ഥാൻ ക്രിക്കറ്റ് ടീം ഇന്ത്യൻ-A ടീമുമായി കളിക്കാൻ കലൂർ ഇന്റർനാഷണൽ സ്റ്റേഡിയത്തിലെത്തുന്നുണ്ടെന്നുള്ള വിവരം അറിഞ്ഞത്. അന്നു വൈകിട്ട് ഇടുക്കി ഡിസ്ട്രിക്ട് ക്രിക്കറ്റ് അസോസിയേഷൻ സെക്രട്ടറിയുമായി ബന്ധപ്പെട്ടു. അടുത്ത ദിവസം അദ്ദേഹവുമൊത്ത് കേരളാ സ്റ്റേറ്റ് ക്രിക്കറ്റ് അസോസിയേഷൻ ട്രഷററെ നേരിൽ കണ്ടപ്പോൾ, പാകിസ്ഥാൻ ടീം എറണാകുളത്ത് വരുന്ന ദിവസം ഇന്റർവ്യൂ ശരിയാക്കാമെന്ന് അദ്ദേഹം ഉറപ്പു നൽകി. കളി ആരംഭിക്കുന്നതിന് തലേദിവസം ഞങ്ങൾ അദ്ദേഹവുമായി ബന്ധപ്പെട്ടപ്പോൾ, ഞങ്ങൾക്ക് സ്റ്റേഡിയത്തിനകത്ത് കടക്കാനുള്ള പാസ് നൽകുകയും മത്സരത്തിന്റെ രണ്ടാം ദിവസം കലൂരിലേക്ക് ചെല്ലാൻ ആവശ്യപ്പെടുകയും ചെയ്തു.



മത്സരത്തിന്റെ രണ്ടാം ദിവസം K.C.A. ട്രഷറർ പറഞ്ഞതനുസരിച്ച് ഞങ്ങൾ സ്റ്റേഡിയത്തിലെത്തി. അപ്പോൾ കളി ആരംഭിച്ചതേ ഉണ്ടായിരുന്നുള്ളൂ. K.C.A. ട്രഷററെ അന്വേഷിച്ചപ്പോൾ അദ്ദേഹം എത്തിച്ചേർന്നിട്ടുണ്ടായിരുന്നില്ല. അതുകൊണ്ട് കളി ആസ്വദിക്കുവാനായി ഗ്യാലറിയിലേക്ക് മടങ്ങി. അന്ന് ഉച്ചകഴിഞ്ഞതിനു ശേഷമാണ് K.C.A. ട്രഷറർ എത്തിച്ചേർന്നത്. അതിനാൽ അന്ന് പാകിസ്ഥാൻ കളിക്കാരെ കാണുവാൻ സാധിച്ചില്ല. വൈകിട്ട് ഇന്ത്യൻ-A ടീം ക്യാപ്റ്റൻ ഋഷികേശ് കനിത്കർ, ലക്ഷ്മീ രത്തൻ ശുക്ല, അനന്തപത്മനാഭൻ തുടങ്ങിയവരുമായി സംസാരിക്കുവാൻ അവസരം ലഭിച്ചു.



Mr. Kanitkar, How do you feel like leading the Indian-A team against an International team like Pakistan?

"I am happy and proud that I have been selected Captain of the Indian- A team. It's a great thing to lead a team against an International team. We're least afraid and we'll try our level best".

Mr. Ananthan, Do you hope to be selected to the Indian team?

"It's the dream of every player to be listed in the national team. Now I am performing excellently and I've a fait hope. After all it's all good luck and the will of God."

മത്സരത്തിന്റെ മൂന്നാം ദിവസം, രാവിലെ തന്നെ

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

ഞങ്ങൾ സ്റ്റേഡിയത്തിലെത്തി K.C.A. യുമായി ബന്ധപ്പെട്ടു. അതിനുശേഷം തിരിച്ച് ഗ്യാലറിയിലെത്തി കുറച്ചുനേരം കളി ആസ്വദിച്ചു. 12 മണി ആയപ്പോൾ ലഞ്ചിനുപിരിഞ്ഞു. ലഞ്ചുസെക്ഷനു ശേഷം കളി ആരംഭിച്ച ഉടനെ K.C.A. ട്രഷറർ ഞങ്ങളെ കളിക്കാരുടെ അടുത്തേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. ഐഡന്റിറ്റി കാർഡുള്ള ഫോട്ടോഗ്രാഫർമാർക്കും K.C.A. ഭാരവാഹികൾക്കും മാത്രമേ അങ്ങോട്ട് പ്രവേശനം ഉണ്ടായിരുന്നുള്ളു. അതുകൊണ്ടുതന്നെ രണ്ടുമണിക്കൂർ നേരം പാകിസ്ഥാൻ ടീമിന്റെ കൂടെ പവലിയനിൽ ചിലവഴിക്കാനാവസരം ലഭിച്ചത് എന്റെ ഭാഗ്യമായി ഞാൻ കരുതുന്നു. കളിക്കാരിലെല്ലാവർക്കും സംസാരിക്കാനനുവാദമുണ്ടായിരുന്നില്ല. പാകിസ്ഥാൻ ക്രിക്കറ്റ് ടീം കോച്ച് ജാവേദ് മിയാൻദാദ്, ക്യാപ്റ്റൻ വസീം അക്രം, ഇൻസമാം ഉൾഹഖ്, സഖ്ലൈൻ മുഷ്താഖ്, ഷാഹിദ് അഫ്രിദി എന്നിവരുമായി സംസാരിക്കാൻ അവസരം ലഭിച്ചു.





Mr. Javed Miandad, How do you consider this match in India after a long break of 10 years. We're sure you've come with the message of goodwill and peace?

I undertook a great responsibility as the coach of the Pakistan team and shorts afterwards India-Pak tour was arranged. I feel that it is a great thing to resume the India-Pak Cricket relations after an unfortunate break of 10 years.

Wasim Akram:

"There's no doubt that we will win this World Cup. You're going to witness the rise of a new cricket star in England" (About Shoaib Akthar)



Insamam:

"We've a good chance in this world cup. We've at present one of the excellent bating and bowling line-ups in the world. Ashar Mahmud and Saqlain Mushtaque are in terrific form."

Saqlain Mushtaque:

"We've a place among the leading teams now and I am confident that we'll win glorious in this world cup."

Shahid Afridi about the bowling performance of Ananthapadmanabhan:

"He's an excellent bowler. To be frank, I was really wondering how to bat against him. Absolute confidence is his real strength. That's why he took 5 wickets today. It's high time that he was included in the Indian team."

അങ്ങനെ അന്ന് വൈകിട്ട് വീട്ടിലേക്ക് തിരിക്കുമ്പോൾ മനസ്സിൽ സന്തോഷവും ദുഃഖവും ഇടകലർന്ന ഒരു ഊഷ്മളാനുഭൂതി നിറഞ്ഞു നിന്നിരുന്നു.






# Sports Club Inauguration





# Sports Club Inauguration







# College Team

Football Team



Athletic Team



Chess Team



Volleyball Team



Cricket Team






Powerlifting & Tennikoit Team

# Winners of Sports



Shan P.B. $K_2$
State Gold Medal
(Discuss throw)



Boby George $K_4$
National participation
(Cricket)



Arun Davis $K_2$
State Cricket



Jerrymon J. Kottaram $K_1$
State Cricket




Anish P. $J_1$
State Cricket



Anish C. ANtony $K_1$
State Cricket



Sooraj S. $K_1$
State Cricket




Jose T.U. $C_5$
State Cricket



Bindhu Mathew $F_2$
Jawalin Throw



Soniya George $P_3$
High jumb



Jais Augustine $A_2$
National participation
(Hammer throw)




Jismon A.S. $L_4$
400 Mts.



Jimmy $L_4$
Volleyball



Sijo Valliyanipuram $H_4$
Basketball



Ajeesh Varghese $J_2$
Uty. Yoga Champion



ShiyasP.M. $F_1$
1500 Mts.



# കാമ്പ് കഥകൾ

തളിർ വെറ്റിലയെടുത്തു.........
ചുണ്ണാമ്പുതേച്ചു.......
അടയ്ക്കയെടുത്ത് മുറിച്ചു....
മുത്തശ്ശിതയ്യാറായി
കണ്ണനും ചിന്നുമോളും ജമീലയും
എല്ലാരും ചുറ്റുംകൂടി
മുത്തശ്ശി ഉഷാറായി
അതെ, കഥതുടങ്ങുകയായി



Voice '99



TINTU NATH L4

# ചുവന്ന സൂര്യന്റെ നാട്ടിലേക്ക്


കാറ്റിന്റെ ശീൽക്കാരം
എന്നെ വല്ലാതെ അലോസരപ്പെ
ടുത്തുന്നുണ്ടായിരുന്നു. കാറ്റിനെ
തിരെ പൂഴിമണ്ണിൽ കാലമർത്തിച്ച
വിട്ടി ഞാൻ വാശിയോടെ നടന്നു.
വസ്ത്രങ്ങളെ പറിച്ചെറിയുന്ന മട്ടി
ലുള്ള മാരുതന്റെ ഗർവ്വ് എന്നെ
ദേഷ്യം പിടിപ്പിക്കാതിരുന്നില്ല.
വിശാലമായ കടൽക്കരയിൽ
അങ്ങുമിങ്ങും ആളുകൾ അസ്ത
മയം കാണാൻ തിരക്കിട്ടെത്തി
ക്കൊണ്ടിരിക്കുന്നു. ആരും
പെട്ടെന്ന് ശ്രദ്ധിക്കാനിടയില്ലാത്ത
ഒരു ഭാഗത്ത് ഞാൻ എത്തി
ച്ചേർന്നു. സൂര്യന്റെ ലജ്ജയിൽ
കുതിർന്ന ഈ മുഖഭാവം എന്നെ
പണ്ടേ വശീകരിച്ചിരുന്നു. ജീവിത
ത്തിൽ ഒറ്റപ്പെടലിന്റേയും, മാനസ്സി
കമായ തകർച്ചയുടേയുമൊക്കെ
വക്കിൽ എത്തിനിന്നപ്പോഴൊക്കെ
ഒരു അഭയസ്ഥാനമായി ഞാൻ
കണ്ടത് ഈ 'ചുവന്ന മുഖ'ഭാവ
മാണ്. ആകെ അന്തരീക്ഷം
അരുണനിറമായിരിക്കുന്നു.
ആകെ ഒരു പ്രത്യേകത എനി
ക്കിന്ന് തോന്നിത്തുടങ്ങിയി
രുന്നു. സൂര്യൻ കടലിൽ
താഴാൻ തയ്യാറെടുത്തു. ആ
ദൃശ്യഭംഗിയിലേക്ക് ഞാൻ
കണ്ണിമയ്ക്കാതെ നോക്കി
നിന്നു.

പെട്ടെന്നാണ് ഞാൻ
കണ്ടത് ഒരു സ്ത്രീ എന്നെ
കടന്ന് മുന്നോട്ട് പോകുന്നു.
അവർ എന്നെ കണ്ടില്ലെന്ന്
തോന്നുന്നു. കടൽ വെള്ള
ത്തിൽ ആ പാദങ്ങൾ പതിയു
ന്നത് ഞാൻ നോക്കിനിന്നു.
അതു പിന്നെയും, പിന്നെയും
മുന്നോട്ടു നീങ്ങിയപ്പോൾ
എനിക്കെന്തോ പന്തികേടു
തോന്നി. "ഏയ് ഒന്നു നിൽക്കൂ"
ഞാൻ വിളിച്ചു പറഞ്ഞു
കൊണ്ട് അവളുടെ അടു

> നിങ്ങൾ എങ്ങോ
> ട്ടാണ് ?' ഞാൻ ആകാം
> ക്ഷയോടെ തിരക്കി.
> അവൾ വിശാലമായ
> കടൽപരപ്പിലേക്ക്
> കൈചൂണ്ടി. അവ
> ളുടെ കൂസലില്ലായ്മ
> എന്നെ അമ്പരപ്പിച്ചു
> കളഞ്ഞിരുന്നു. ' ഏയ്
> സുന്ദരി. നിങ്ങൾ മരി
> ക്കാൻ ഒരുങ്ങുക
> യാണ് ?'

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph. 0486-222394

ത്തേക്ക് ഓടിയടുത്തു. അവൾ പരിഭ്രമത്തോടെ തിരിഞ്ഞു നിന്നു. "നിങ്ങൾ എങ്ങോട്ടാണ്?" ഞാൻ ആകാംക്ഷയോടെ തിരക്കി. അവൾ വിശാലമായ കടൽപ്പരപ്പിലേക്ക് കൈചൂണ്ടി. അവളുടെ കൂസലില്ലായ്മ എന്നെ അമ്പരപ്പിച്ചു കളഞ്ഞിരുന്നു. " ഏയ് സുന്ദരി, നിങ്ങൾ മരിക്കാൻ ഒരുങ്ങുകയാണ്?" എന്റെ 'സുന്ദരി' എന്ന സംബോധനയിൽ അവളുടെ കണ്ണുകൾ വിടർന്നത് ആ മങ്ങിയ വെളിച്ചത്തിലും ഞാൻ കണ്ടു. "അതെ ഞാൻ മരിക്കാൻ തീരുമാനിച്ചു. ജീവിതം എനിക്ക് മടുത്തു".അവൾ പറഞ്ഞു. "ആത്മഹത്യ തെറ്റല്ലേ ?" എന്റെ അടുത്ത ചോദ്യം അവളെ ശുണ്ഠിപിടിപ്പിക്കുക തന്നെ ചെയ്തു. "നിങ്ങളാരാണ്, കടന്നു പോകൂ. ഞാൻ പോകട്ടെ, എനിക്കാരുമില്ല ഈ ലോകത്ത്. എനിക്കാരോടും കടപ്പാടുമില്ല" അവൾ കൂർത്ത മുനയുള്ള ഒരു നോട്ടം എന്റെ നേർക്കെറിഞ്ഞു. "എങ്കിൽ ഞാനും കൂടെ വരട്ടെ ?" എന്റെ കുസൃതി നിറഞ്ഞ ചോദ്യം അവളെ ഞെട്ടിച്ചു കളഞ്ഞെന്നെനിക്കു തോന്നി. എന്റെ കാലടികളിലും നനവുണ്ടായി. "നിങ്ങൾ.... എന്റെ കൂടെയോ ? വേണ്ട തിരിച്ചു



പോകൂ..." അവൾ വിവശയായി നിന്നു. ഞാൻ അവളുടെ നേരെ നോക്കി. ആ മുഖത്തെ ശക്തിയില്ലായ്മ ദർശിക്കാൻ എനിക്കു കഴിഞ്ഞു. ഞാൻ തുടർന്നു. " വരൂ, പോകാം, എനിക്കും പോകണം ആ ചുവന്ന സൂര്യന്റെ നാട്ടിലേക്ക്" ഞാൻ മുന്നോട്ടു നീങ്ങി. " ഇല്ല, ഞാനില്ല തിരിച്ചുവരൂ " അവൾ നിലവിളിക്കുന്നതുപോലെ വിളിച്ചു പറഞ്ഞു. അവളുടെ മനംമാറ്റം എന്നെ പൊട്ടിച്ചിരിപ്പിച്ചു. "എന്താ നിനക്ക് മരിക്കണ്ടേ" ഞാനവളോടു ചോദിച്ചു. അതിനുത്തരം ഒരു പൊട്ടിക്കരച്ചിലായിരുന്നു. ഞാൻ പറഞ്ഞു "എങ്കിൽ നമുക്ക് തിരിച്ചുപോകാം. ഇനിമുതൽ എല്ലാ അസ്തമയങ്ങളിലും നിന്നോടൊപ്പമായിരിക്കും ഞാനിവിടെ വരിക. പിന്നീടൊരിക്കൽ നാം ആ ചുവന്ന സൂര്യന്റെ നാട്ടിലേക്ക് തീർത്ഥാടനം ചെയ്യും. അതുവരെ ക്ഷമിക്കൂ". അവളെ കൈപിടിച്ച് കരയ്ക്ക് കയറ്റുമ്പോൾ ഒരു പുതിയ ജീവിതത്തിലേക്കുള്ള നവോന്മേഷം എന്നിൽ നിറയുകയായിരുന്നു. അപ്പോൾ അസ്തമയം തീർന്ന് ഇരുളിന്റെ കറുത്ത കൈകൾ കടൽപ്പുറത്തെ ആലിംഗനം ചെയ്തുകഴിഞ്ഞിരുന്നു.

FotoFast COLOUR LAB



Voice '99

# അനാഥ



JOBY K. JOHN K3

മെന്റൽ ഹോസ്പിറ്റലിന്റെ നടകൾ കയറുമ്പോൾ ധന്യയുടെ മനസ്സുനിറയെ അമ്മയെക്കുറിച്ചുള്ള ചിന്തകളായിരുന്നു.

വിജനമായ ആശുപത്രി വരാന്തയിലൂടെ വിങ്ങുന്ന മനസ്സുമായി അവൾ നടന്നു.

ഒമ്പതാമത്തെ സെല്ലിന്റെ അരികിലെത്തിയപ്പോൾ അവൾ നിന്നു. ആ മുറിയിലേക്കവൾ ഒരു നിമിഷം നോക്കി.

ആരെയോ ഭയപ്പെടും വിധം മുടി കൊണ്ട് മുഖമാസകലം മറച്ച്, സെല്ലിലെ ഒരു ഇരുണ്ട കോണിൽ കുത്തിയിരിക്കുകയായിരുന്ന ആ സ്ത്രീ....



ഇരുമ്പഴികൾക്കിടയിലൂടെ അവളുടെ നേർത്ത നിഴലുകൾ മുറിക്കുള്ളിൽ പതിഞ്ഞതും ആ സ്ത്രീ ഭയത്തോടെ മുറിയുടെ മറ്റൊരു കോണിൽ ഒളിച്ചു. ഇടയ്ക്കിടെ അവ്യക്തമായ സ്വരത്തിൽ എന്തൊക്കെയോ പുലമ്പുന്നുണ്ടായിരുന്നു

അത് തന്റെ അമ്മയാണെന്നുള്ള സത്യം അവൾ വേദനയോടെ ഓർത്തു.

ഇരുമ്പഴികൾക്കിടയിലൂടെ അവളുടെ നേർത്ത നിഴലുകൾ മുറിക്കുള്ളിൽ പതിഞ്ഞതും ആ സ്ത്രീ ഭയത്തോടെ മുറിയുടെ മറ്റൊരു കോണിൽ ഒളിച്ചു. ഇടയ്ക്കിടെ അവ്യക്തമായ സ്വരത്തിൽ എന്തൊക്കെയോ പുലമ്പുന്നുണ്ടായിരുന്നു.

അത് തന്നെ വാത്സല്യത്തോടെ വിളിക്കുന്നതായിരുന്നുവെങ്കിൽ എന്നവൾ വെറുതേ മോഹിച്ചു.

അവിടെ നിന്നും തിരിച്ചുപോരുമ്പോൾ, ദൂരെ നിന്നവൾ ഒരിക്കൽക്കൂടി ആ സെല്ലിലേക്ക് തിരിഞ്ഞു നോക്കി.

വഴിയിലൂടെ നടക്കുമ്പോൾ, കടത്തിണ്ണയിലും വഴിയോരങ്ങളിലുമായി നില്ക്കുന്ന ചിലർ പരിഹാസത്തോടെ ചിരിക്കുന്നതുമെല്ലാം അവൾ കാണുന്നുണ്ടായിരുന്നുവെങ്കിലും, ഒന്നും കാണാത്ത മട്ടിൽ അവൾ നടന്നു.

അവളുടെ അമ്മ ഭ്രാന്തിയാണെന്ന് അറിഞ്ഞുകൊണ്ടാണ് ആളുകൾ തന്നെ വിചിത്രജീവിയെപ്പോലെ നോക്കുന്നത് എന്നവൾക്ക് അറിയാമായിരുന്നു.

അമ്മയെ ഓർത്തവൾ എല്ലാം സഹിച്ചു...

സഹിക്കുകയല്ലാതെ എന്തു ചെയ്യാൻ...

മഴ തകർത്തുപെയ്യാനുള്ള പുറപ്പാടാണെന്ന് തോന്നിയിട്ടും അവൾ മെല്ലെ നടന്നു....

വികാരങ്ങളുടെ ഭാരമേറിയ മനസ്സുമായ്....

വീടെത്തിയപ്പോഴേക്കും മഴ ചാറിത്തുടങ്ങിയിരുന്നു.

തണുത്ത വെള്ളത്തിൽ മുഖമൊന്നു കഴുകിയപ്പോൾ ശരീരത്തിനും മനസ്സിനും തെല്ലൊരു കുളിർമ്മ തോന്നി.

മനസ്സിലെ വേദനകൾ മറക്കാൻ ഏകമാർഗ്ഗം പുസ്തകങ്ങളായിരുന്നു. മേശപ്പുറത്ത് അലസമായി കിടന്നിരുന്ന പുസ്തകങ്ങളിലൊന്നെടുത്ത് നിവർത്തി നിരയിട്ട കടുത്ത അക്ഷരങ്ങളിലൂടെ വെറുതേ കണ്ണോടിച്ചു... ഒന്നും മനസ്സിലാക്കാൻ അവൾക്ക് കഴിഞ്ഞില്ല.

മനസ്സു നിറയെ അമ്മയുടെ ദയനീയ മുഖമായി

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

രുന്നു. എത്ര ശ്രമിച്ചിട്ടും അത് മനസ്സിൽ നിന്ന് മായുന്നേയില്ല.

പുസ്തകമടച്ച് മേശപ്പുറത്തേക്കിട്ടു.

അച്ഛന്റെയും അമ്മയുടെയും ചൂര് ഇനിയും വിട്ടുമാറാത്ത കട്ടിലിൽ തിരിഞ്ഞും മറിഞ്ഞും കിടന്നിട്ടും ഉറങ്ങാൻ കഴിഞ്ഞില്ല.

അടഞ്ഞുകിടന്ന ജനൽപാളികൾ തുറന്നിട്ട് ദൂരേയ്ക്ക് കണ്ണും നട്ടിരുന്നു.

മഴ അപ്പോഴും ചാറുന്നുണ്ടായിരുന്നു...

പഴയ ഓർമ്മകൾ കനൽക്കൂമ്പാരങ്ങളായി മനസ്സിൽ കിടന്നു പൊള്ളി.

അച്ഛന്റെ മരണത്തോടെ, ജീവിതത്തിലെ ദുർദിനങ്ങൾ ആരംഭിക്കുകയായിരുന്നു...



തീരാത്ത ദുഃഖങ്ങളും പേറി മരവിച്ച മനസ്സുമായ് ഈ ജീവിതം! ഇതൊരു ശാപം തന്നെയാണ് പൊയ്പോയ ഇന്നലെകളെക്കുറിച്ചുള്ള ദേവനിപ്പിക്കുന്ന ഓർമ്മകൾ. ക്ഷണിക്കപ്പെടാത്ത അതിഥിയെപ്പോലെ വിരുന്നെത്തി, മനസ്സിന്റെ തന്ത്രികളെ നൊമ്പരപ്പെടുത്തി.

വർണ്ണങ്ങളിൽ മെനഞ്ഞെടുത്ത മോഹങ്ങളേക്കാൾ, തപ്ത നിശ്വാസങ്ങളുതിർത്ത് കൂടൊഴിഞ്ഞുപോയ മോഹഭംഗങ്ങളായിരുന്നു അവളുടെ മനസ്സിൽ.... പ്രമുഖ രാഷ്ട്രീയ നേതാവ്, സത്യസന്ധൻ, ജനങ്ങളുടെ ആരാധ്യപുരുഷൻ..... ഇതൊക്കെയായിരുന്നിട്ടും രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നിന്നും അച്ഛനെ പിന്തിരിപ്പിക്കാൻ ഞാനും അമ്മയും ഒരുപാട് നിർബന്ധിച്ചിരുന്നത്, ചുറ്റിനും ശത്രുക്കളാണെന്ന് അറിഞ്ഞുകൊണ്ടായിരുന്നു.

അച്ഛൻ ഞങ്ങളുടെ നിർബന്ധത്തിന് വഴങ്ങിയില്ല എന്നു മാത്രമല്ല, തീരെ ഗൗനിച്ചതുപോലുമില്ല. ഒടുവിൽ ശത്രുക്കളാൽ മൃഗീയമായി കൊല്ലപ്പെട്ടപ്പോഴും വികൃതമായിത്തീർന്ന ആ മുഖത്തേയ്ക്ക് ഒന്ന് നോക്കുവാൻകൂടി കഴിഞ്ഞില്ല.

വാർന്നൊലിക്കുന്ന രക്തവുമായി അച്ഛന്റെ ശരീരം ആരൊക്കെയോ ചേർന്ന് വീട്ടിലെത്തിച്ചപ്പോൾ ആ കാഴ്ച കാണുവാനാകാതെ അമ്മ തലചുറ്റിവീണു...

പിന്നീട് ബോധം തെളിയുമ്പോൾ അമ്മയുടെ സുബോധം നഷ്ടപ്പെട്ട് മുഴു ഭ്രാന്തിയായി മാറിയിരുന്നു...

ധന്യയുടെ കണ്ണുകൾ നിറഞ്ഞൊഴുകി..

തലയിണയിൽ മുഖമമർത്തി പൊട്ടിക്കരഞ്ഞു..

ഏറെ നേരം...

പിന്നീടെപ്പോഴൊ അവൾ മയങ്ങി....

തലേ ദിവസം വളരെ വൈകി ഉറങ്ങിയതിനാലാവാം ധന്യ ഉണരുമ്പോൾ നേരം നന്നേ വെളുത്തിരുന്നു. ഭിത്തിയിൽ തൂങ്ങിക്കിടന്നിരുന്ന പഴയ ക്ലോക്കിൽ എട്ടുമണി മുഴങ്ങി.

അല്പം ദൂരെ മേനോൻമുതലാളിയുടെ വീട്ടിൽ അടിച്ചുവാരലും പാചകവും ചെയ്തിരുന്നത് ധന്യയായിരുന്നു. അതിൽ നിന്നും വളരെ ചെറിയൊരു സംഖ്യ പ്രതിഫലമായി കിട്ടിയിരുന്നു..

എട്ടുമണിക്ക് അവിടെ ചെല്ലേണ്ടതായിരുന്നു...

അവൾ ധൃതിയിൽ എഴുന്നേറ്റു. മേശപ്പുറത്ത് അലങ്കോലപ്പെട്ടുകിടന്ന പുസ്തകങ്ങൾ അടുക്കിവച്ചു. അത്യാവശ്യം പണികളൊക്കെ ചെയ്തെന്ന് വരുത്തിതീർത്തു. എന്നിട്ട് മേനോൻമുതലാളിയുടെ വീട്ടിലേക്ക് തിടുക്കത്തിൽ നടന്നു. വഴിക്കുവച്ചാണ് അവൾ ആ വാർത്ത കേട്ടത്. "ഭ്രാന്താശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ഒരു സ്ത്രീ മരിച്ചു.!!"

അവളുടെ ഉള്ളൊന്നു പിടച്ചു.

ഈശ്വരാ...!! അത് തന്റെ അമ്മയാകരുതെ എന്നവൾ ഉള്ളുരുകി പ്രാർത്ഥിച്ചു. ആശുപത്രിയിലെത്തുമ്പോൾ കുറെ ആളുകൾ ചുറ്റുംകൂടി നില്പുണ്ടായിരുന്നു. അവരിൽ അധികവും ആശുപത്രി ജോലിക്കാരായിരുന്നു. പഴയ ഒരു തുണികൊണ്ട് മൃതശരീരം മൂടി കിടത്തിയിരുന്നു. അവളെ കണ്ടതും ആരോ മുഖത്തെ തുണിമാറ്റി. നിസ്സഹായതയോടെ അവൾ ആ മുഖത്തേയ്ക്ക് സൂക്ഷിച്ചുനോക്കി.

അമ്മേ...!!

ഒരാർത്തനാദത്തോടെ മരവിച്ച മൃതശരീരത്തിലേക്കവൾ കമിഴ്ന്നു വീണു...

നാളുകൾ പലതു കഴിഞ്ഞിട്ടും അമ്മയുടെ മരണം ഉളവാക്കിയ ഞെട്ടലിൽ നിന്നും മോചിതയാവാൻ അവൾക്ക് കഴിഞ്ഞില്ല.

ജീവിക്കാൻ നിവൃത്തിയില്ലാതെയായപ്പോൾ മേനോൻമുതലാളിയുടെ വീട്ടിൽ പിന്നേയും പണിക്കു പോയി തുടങ്ങി..

സ്നേഹവും വാത്സല്യവും നേടാൻ കഴിഞ്ഞില്ലെങ്കിലും സ്വന്തമെന്ന് പറയാൻ അമ്മയെങ്കിലും ഉണ്ടല്ലോ എന്ന ആശ്വാസമായിരുന്നു അവൾക്കിതുവരെ. ഇപ്പോൾ അതുമില്ല. എല്ലാം നഷ്ടമായിരിക്കുന്നു. ഏകാന്ത ജീവിതത്തിന്റെ മുരടിപ്പിനേക്കാളുപരി താൻ അനാഥയായിരിക്കുന്നു എന്ന സത്യം അവളെ കൂടുതൽ വേദനിപ്പിച്ചു.



രാവിലെ മേനോന്റെ വീട്ടിലെത്തിയപ്പോഴാണ് അറിഞ്ഞത്, അയാൾ മാത്രമേ അന്ന് വീട്ടിൽ ഉണ്ടായിരുന്നുള്ളുവെന്നും ഭാര്യയും മക്കളും ദൂരെ എവിടെയോ പോയിരിക്കുകയാണെന്നും. അവൾക്കെന്തോ ഭയം തോന്നി. പണികളെല്ലാം ധൃതിയിൽ ചെയ്ത് തീർത്ത് നേരത്തെ വീട്ടിലേക്ക് പോകാമെന്നവൾ തീരുമാനിച്ചു. മദ്യത്തിന്റെ രൂക്ഷഗന്ധം അനുഭവപ്പെട്ടപ്പോൾ വെറുതേ അവൾ തിരിഞ്ഞുനോക്കി. പുറകിൽ കൈയ്യെത്തുംദൂരത്ത് അയാൾ... മേനോൻ !!

അയാളുടെ ഉദ്ദേശ്യം നന്നല്ലെന്ന് അവൾക്ക് ബോധ്യമായി. പുറത്തേക്ക് തിടുക്കത്തിൽ ഓടി രക്ഷപെടാൻ ശ്രമിക്കും മുൻപെ അയാൾ വാതിൽക്കൽ എത്തിയിരുന്നു... വാതിലടച്ച് കുറ്റിയിട്ടു.

അവളുടെ ഹൃദയത്തിൽ പെരുമ്പറ മുഴങ്ങി.

മദ്യത്തിന്റെ ലഹരിയിൽ അയാൾ എന്തൊക്കെയോ വിളിച്ചുകൂവുന്നുണ്ടായിരുന്നു. കറിക്ക് അരിഞ്ഞുകൊണ്ടിരുന്ന കത്തി അവൾ മുറുകെ പിടിച്ചു. ശരീരത്തിന് വല്ലാത്തൊരു വിറയൽ അനുഭവപ്പെട്ടു. അയാൾ അവളുടെ അടുത്തേയ്ക്ക് നടന്നടുക്കുന്തോറും അവൾ പിന്നോട്ടുമാറി. അയാളുടെ ബലിഷ്ഠങ്ങളായ കരങ്ങൾ അവളുടെ ദേഹത്തുതൊടും മുമ്പേ അവൾ ആ കൃത്യം ചെയ്തു.!!

ഒരലർച്ചയോടെ അയാൾ തറയിലേക്ക് മറിഞ്ഞു വീണു.

ധന്യ അപ്പോഴും സ്തബ്ദയായി നിൽക്കുകയായിരുന്നു. താൻ എന്താണ് ചെയ്തതെന്നറിയാതെ... രക്തത്തിൽ കുളിച്ച്, നിലത്തു കിടന്നു പിടയുന്ന ആ രൂപം അവളിൽ ഭീതി ഉളവാക്കി... ഒച്ചപ്പാടും ബഹളവും കേട്ട് ഓടിക്കൂടിയവർ അമ്പരപ്പോടെ ജനൽ പാളികൾക്കിടയിലൂടെ അകത്തേയ്ക്കു നോക്കി. ധന്യയ്ക്ക് ബോധം മറയുന്നതുപോലെ തോന്നി.... തലചുറ്റുന്നതു പോലെ തോന്നി...

ഭ്രാന്തമായ ഒരലർച്ചയോടെ അവൾ അയാളുടെ ദേഹത്തുനിന്നും കത്തി വലിച്ചൂരി...

പിന്നേയും പിന്നേയും കത്തി അയാളുടെ ദേഹത്ത് ആഴ്ന്നിറങ്ങി...

അവൾക്ക് സുബോധം നഷ്ടപ്പെടുകയായിരുന്നു. ചുടുരക്തത്തിന്റെ ഗന്ധം അവളെ വല്ലാതെ ലഹരി പിടിപ്പിച്ചു.

നിലത്ത് തളം കെട്ടിക്കിടന്ന രക്തം കൈകൊണ്ട് കോരിയെടുത്ത് സ്വന്തം ശരീരമാസകലം തൂത്തുകൊണ്ടിരുന്നു.

അവൾ ഭ്രാന്തിയായി മാറുകയായിരുന്നു.

കൈകാലുകൾ ബന്ധിച്ച് ഭ്രാന്താശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോഴും തുറിച്ച കണ്ണുകളുമായ് അവൾ ചുറ്റും പരതി നോക്കുന്നുണ്ടായിരുന്നു...

എന്തോ തേടുന്നതുപോലെ...

ഒമ്പതാമത്തെ സെല്ലിലെ നേർത്ത വെളിച്ചത്തിൽ അവളുടെ ദൈന്യം നിറഞ്ഞ മുഖം വ്യക്തമായിരുന്നു.

വീശിയടിച്ച ഇളംകാറ്റിൽ മുറ്റത്തെ മാവ് ഒന്നിളകിയാടി.. ഇരുമ്പഴികൾക്കിടയിലൂടെ സെല്ലിൽ പതിച്ചിരുന്ന നിഴലുകളും ഒപ്പം ചലിച്ചു.

അവൾ ഭയന്ന് സെല്ലിലെ മറ്റൊരു കോണിലേക്ക് ഓടിമാറി. കൈകൊണ്ട് മുഖം മറച്ച് ഭയത്തോടെ കുത്തിയിരുന്നു.

ഒരനാഥയെപ്പോലെ....



FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394




Voice '99

# അയാൾ കഥയെഴുതുകയാണ്...



ANOOP KUMAR P.K. $K_2$

തീവണ്ടി ഇരമ്പി പായുകയാണ്. പാളവും ചക്രവും തമ്മിലുള്ള സംഘടനത്തിന്റെ ഭീകരശബ്ദം മാത്രം എന്റെ കാതിലലയ്ക്കുന്നുണ്ട്. 21- ാം നൂറ്റാണ്ടിലേക്കുള്ള പ്രയാണത്തിൽ ഈ ചെറിയ മനുഷ്യന്റെ സംഭാവന എത്രയോ വലുതാണ്. എന്റെ ചിന്തകളെ ഒട്ടും ഗൗനിക്കാതെ ഈ ഭീകരൻ ചൂളം വിളിച്ച് പായുകയാണ്.



എനിക്ക് ചിരിക്കാനാണ് തോന്നിയത്. ഇതിനൊരു ലക്ഷ്യമുണ്ട്. ഇടയ്ക്കൊന്നും സംഭവിച്ചില്ലെങ്കിൽ യാത്ര അവസാനിക്കുന്നത് അതിന്റെ ലക്ഷ്യത്തിൽ തന്നെയായിരിക്കും. എനിക്കോ? അങ്ങനെയൊന്നില്ല. എന്റെ യാത്രകൾ അങ്ങനെയായിരുന്നില്ലല്ലോ. ഇരുളുകളിൽ നിന്നും ഇരുളുകളിലേക്ക്.... നഗരങ്ങളിൽ നിന്നും നഗരങ്ങളിലേക്ക്.... ഇനിയും തീരാത്ത യാത്ര. എത്രയെത്ര അനുഭവങ്ങൾ. അവയ്ക്കെല്ലാം മുമ്പിൽ ഞാനൊരു കുട്ടിയാണ്. ഒന്നുമറിയാതെ ചുറ്റുപാടുകളെ പകച്ചു നോക്കുന്ന കുട്ടി.

ചക്രങ്ങളുടെ ദയനീയ സ്വരം കൂടിവരുന്നു. ഏതോ സ്റ്റേഷൻ അടുക്കാറായിട്ടുണ്ടാകും. വേഗതയും മന്ദഗതിയിലായി. ഇപ്പോൾ കേൾക്കുന്ന ശബ്ദത്തിന് താളമുണ്ട്. പ്രപഞ്ചം തന്നെ താളനിബിഡമല്ലേ? താളമില്ലാത്തതേത്? അതെനിക്കുമാത്രം. എനിക്ക് ശ്രുതിയില്ല, രാഗമില്ല... ഏതോ കലാകാരൻ എന്നോ ഉപേക്ഷിച്ച ഉപകരണം പോലെ. എനിക്ക് സ്വന്തമെന്ന് അവകാശപ്പെടാൻ എന്തുണ്ട്. ഓ.. മറന്നു. അതെന്റെ ബാഗിൽ ഭദ്രമായുണ്ട്. 15 വർഷത്തെ എന്റെ അദ്ധ്വാനത്തിന്റെ ഫലം. ഒരു സർട്ടിഫിക്കറ്റ്. യൂണിവേഴ്സിറ്റി കനിഞ്ഞുതന്ന ബിരുദം. അഭ്യസ്തവിദ്യനെന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താൻ ഒരു തുണ്ടു പേപ്പർ. അതെ ! ഞാനിന്ന് അതിനു കൊടുത്തിട്ടുള്ള വില അതുമാത്രമാണ്. കുറെ അക്ഷരങ്ങളെ തലയിൽ താങ്ങിക്കൊടുത്ത് ഹേ, പോയി ജീവിക്ക് എന്നു പരസ്യമായി പറഞ്ഞുകൊണ്ട് ഉള്ളിൽ ഒരു ചിരിയും ചിരിച്ച് രംഗബോധമില്ലാത്ത കുറെ തുള്ളൽക്കാരെ ഈ വേദിയിലേക്ക് തള്ളിവിടുന്ന സർവ്വകലാശാലയോട് എനിക്കിന്ന് പുച്ഛമാണ്. ഷേക്സ്പിയറിനെക്കുറിച്ച് എന്താണ് നിങ്ങൾക്കറിയേണ്ടത്.? ഒഥല്ലോ, മാക്ബത്ത്... ഇവയെക്കുറിച്ചുള്ള വിമർശനങ്ങൾ? ആധുനിക സാഹിത്യം? വേർഡ്സ് വർത്ത്, ഷെല്ലി, ബൈറൻ ഇവരുടെ പോയംസ്? പിന്നെയും എന്തൊക്കെയോ?

"സർ പ്ലീസ്, ഞാനൊരു ഗ്രാഡ്യുവേറ്റാണ്. എനിക്കൊരു ജോലി തരൂ.... സർ, എന്നെ തഴയരുത്. എന്തുജോലിയും ചെയ്യാം സർ". വീണ്ടും എന്റെ അഭ്യർത്ഥന നീണ്ടു പോയി. "എന്തു ജോലി അറിയാം?". "അത്...... ഞാൻ..... സർ?!." എന്റെ ബുദ്ധിയിലെല്ലാം ഞാൻ തിരഞ്ഞു. എവിടെയെങ്കിലും? എന്തെങ്കിലും? ഇല്ല ശൂന്യമാണ്. എല്ലാം ശൂന്യം. ഷേക്സ്പിയർ എന്റെ നേരെ പല്ലിളിച്ചു. വേർഡ്സ്വർത്ത് തലകുത്തിച്ചിരിക്കുന്നു. ഞാൻ ചുറ്റും നോക്കി. എനിക്കൊരു സഹായം..... ഒരു കൈ... എങ്ങുമില്ല.... എവിടേയും ശൂന്യം.

"സർ, ചായ..." കഴിക്കാനെന്തെങ്കിലും... ഓ! വണ്ടി സ്റ്റേഷനിലാണ്, ഒരു വടയും ചായയും കഴിച്ചു തൃപ്തി വരുത്തി. "7 രൂപ സാർ" "7 രൂപയോ"? തർക്കിക്കാൻ നിന്നില്ല. അതുകൊണ്ട് പ്രയോജനമില്ല. അവർക്കും ജീവിക്കേണ്ടേ?. നിയോൺ ലാമ്പിന്റെ വെളിച്ചത്തിൽ പുറത്ത് പലമുഖങ്ങൾ മിന്നിമറയുന്നു. വ്യത്യസ്ത ഭാഷ, വ്യത്യസ്ത വസ്ത്രധാരണം, വ്യത്യസ്ത ആചാരങ്ങൾ ഇവയെല്ലാമുണ്ടെങ്കിലും ഭാരതത്തിലെ ജനങ്ങളെ എല്ലാം ഒന്നിച്ചുനിർത്തുന്ന ഒരു ഐക്യമുണ്ട്. "നാനാത്വത്തിൽ ഏകത്വം" ഏതോ ചെറിയ ക്ലാസ്സിലെ ചോദ്യത്തിന്റെ ഉത്തരം മനഃപാഠമാക്കിയതാണ്. അത് പുസ്തകത്തിൽ മാത്രമാണ്. അത്തരത്തിലൊരേകത്വം ഈ നാളുകളിലൊന്നും കാണാൻ എനിക്കുകഴിഞ്ഞിട്ടില്ല.

വണ്ടിക്ക് വീണ്ടും ജീവൻ വച്ചു. അടുത്ത സ്റ്റേഷനിൽ എനിക്കിറങ്ങാം. ഒന്നുമറിയാത്തപോലെ ഇവൻ യാത്ര തുടരും.

നിറകുടവുമായി ശകുനം വരുന്ന സഹോദരി! സമ്പാദ്യത്തിന്റെ പകുതിയും നേർച്ചയിടുന്ന അമ്മ... നേർച്ചയുടെ കാര്യത്തിൽ അമ്മയ്ക്ക് എല്ലാ ദൈവങ്ങളും സമന്മാരാണ്. ..അച്ഛൻ, അവർക്കു മുമ്പിൽ ഒരിക്കൽക്കൂടി കുനിഞ്ഞ ശിരസ്സുമായി.. എന്തിനാണീ ജീവിതം?

വരാന്തയിൽ എന്നെ പ്രതീക്ഷിച്ചു ഒരു മണ്ണെണ്ണ വിളക്ക് എരിയുന്നുണ്ട്. അമ്മേ.. പതിവു പോലെ ശബ്ദം താഴ്ത്തി.. സായിപ്പിന്റെ അലങ്കാരമായ ടൈ! എനിക്ക് തൂങ്ങി മരിക്കുന്നവന്റെ കഴുത്തിലെ കയറുപോലെ തോന്നി... എല്ലാം അഴിച്ചുവച്ച് സ്വസ്ഥമായി കസേരയിൽ അമരുമ്പോൾ അമ്മയുടെ ദയനീയ ചോദ്യം.... പലപ്പോഴും ഉത്തരം മുട്ടിയിരുന്നു... പ്രതീക്ഷിക്കാമോ? ഒക്കെ ദൈവത്തിന്റെ കൈകളിലല്ലേ അമ്മേ? ദൈവ വിശ്വാസിയായ അമ്മയ്ക്ക് ചേർന്ന മറുപടി. ശരിയാ മോനെ എല്ലാത്തിനും ഒരു സമയമുണ്ട്... നീ പോയി കിടക്ക് !

അകലെ ചക്രവാളത്തെ നോക്കി കടൽക്കരയിൽ ഞാനിരുന്നു. കടലിൽ തിരകൾക്കു മീതെ ചാടിക്കളിക്കുന്ന കുസൃതികൾ. അവിടിവിടങ്ങളിലായി ക്യാമറയുടെ ഫ്ളാഷ് മിന്നുന്നു. അസ്തമയസൂര്യന്റെ ഭംഗി അപ്പാടെ പകർത്തുകയാണവർ. കടൽത്തീരത്തിന് എല്ലാ വികാരങ്ങളെയും ഉൾക്കൊള്ളാം. മനുഷ്യന്റെ സന്തോഷം, ദുഃഖം, പ്രണയം എല്ലാത്തിനും മൂകസാക്ഷി....

" എടാ കഥാകാരാ..."

ഞെട്ടിയുണർന്ന് നോക്കിയത് പഴയസുഹൃത്തിനെ. "എന്തുണ്ടെടാ വിശേഷങ്ങൾ? എത്രനാളായി കണ്ടിട്ട് ?" കോളേജിലെ പഴയ കഥാകാരനെ അവൻ മറന്നില്ല. ദേവനെന്ന കഥാകൃത്തിനെ...! കഥയും ജീവിതവുമായി ഒത്തിരി അന്തരമുണ്ട്. അതുകൊണ്ട് പച്ചയായ ജീവിതത്തിലേക്കു പ്രവേശിക്കും മുമ്പ് വലിച്ചെറിഞ്ഞ വേഷമാണ്..

കോളേജ് വിശേഷങ്ങൾ.... നാട്ടു വർത്തമാനം... അങ്ങിനെ ഇവിടെ വരെയായി. ഇനി എങ്ങോട്ടെന്നറിയില്ല. പറഞ്ഞു നിർത്തുമ്പോൾ അവന്റെ കൺകോണുകളിൽ നനവുണ്ടായിരുന്നു. ദേവാ ഞാനിപ്പോൾ ഒരു വാരികയുടെ സബ് എഡിറ്ററാണ്. നിന്റെ പഴയ തൂലിക ഒന്നു ചലിപ്പിച്ചുകൂടെ? എനിക്കു വേണ്ടി.. വേണ്ട സഹായങ്ങൾ ഞാൻ ചെയ്യാം... എവിടെ നിന്നോ ഒരുൾപ്രേരണ... കഴിഞ്ഞ കാലങ്ങളിലേക്കൊരുളിയിടൽ... ചുറ്റും പരതിക്കിട്ടിയ മുത്തുകളെല്ലാം പെറുക്കിക്കൂട്ടി... തുലാവർഷത്തിന്റെ ശക്തിയേറിയ ജല പ്രവാഹം... പിന്നെ എല്ലാം അമർന്ന് ശാന്തമായി.

ദേവനെ ആരുമറിയില്ല... 'കൃഷ്ണ' കൃഷ്ണനെ എല്ലാവർക്കും പ്രിയമാണ്. പ്രിയങ്കരനായ കഥാകൃത്ത്. മനുഷ്യമനസ്സുകളെ തൊട്ടറിയുന്ന സത്യസന്ധനായ എഴുത്തുകാരൻ... കഥയില്ലായ്മയിൽ നിന്ന് ജനിച്ച കഥാകാരൻ.... തകർന്നടിഞ്ഞ എന്റെ സ്വപ്നങ്ങൾക്ക് ഇന്ന് ചിറകുണ്ട്... അവ പറക്കാൻ വെമ്പി നിൽക്കുന്നു. ഇന്ന് ഞാൻ അസ്തമയത്തെക്കുറിച്ച് ചിന്തിക്കാറില്ല, ഉദയത്തെക്കുറിച്ച് മാത്രം... പൊലിയാറായ ഈ ദീപത്തിൽ എണ്ണ പകർത്തിയ കൂട്ടുകാരാ... നിനക്കു നന്ദി

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394




Voice '99



# ദുഃഖസാഗരം

SMITHA MATHEW H2

കടൽത്തീരത്ത് സുഖകരമായ അന്തരീക്ഷത്തിൽ മതിമറന്നിരുന്ന മാലിനിയെ ചിന്തയിൽ നിന്നും ഞെട്ടിയുണർത്തിയത് അവളുടെ മേൽ ആഞ്ഞടിച്ച തിരകളുടെ സ്പർശനമായിരുന്നു. വിശലമായ ആ മണൽപ്പരപ്പിലൂടെ സുഹൃത്തുക്കളോടൊപ്പം അവൾ നടന്നു നീങ്ങി. പെട്ടെന്ന് ഒരു മുഖം അവളുടെ സമീപത്തുകൂടെ കടന്നുപോകുന്നത് അവൾ ശ്രദ്ധിച്ചു. ആരാണത്..? ഒരു നിമിഷം അവൾ തിരിഞ്ഞുനോക്കി. അതെ, അതു മനോജു തന്നെയായിരുന്നു.

അവളുടെ ചിന്തകൾ ഭൂതകാലത്തിലേക്ക് ഊളിയിട്ടു. കോളേജിൽ പഠിച്ചുകൊണ്ടിരുന്ന കാലത്ത് കോളേജ് യൂണിയൻ ചെയർമാനായിരുന്നു എം.ജെ. മനോജ്. അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കണ്ണിലുണ്ണി. നല്ലൊരു ഗായകൻ കൂടിയായ മനോജ് പെൺകുട്ടികളുടെ ആരാധനാ പാത്രമായിരുന്നു. കോളേജിന്റെ പ്രവർത്തനങ്ങളിൽ സദാ താൽപര്യപൂർവ്വം പങ്കെടുത്തിരുന്ന മനോജ് സുഹൃത്തുക്കൾക്കൊരു ഹരമായിരുന്നു.

ആദ്യമൊന്നും മനോജിനെ ആരും സംശയിച്ചിരുന്നില്ല. പിന്നീടാണ് എല്ലാവർക്കും മനസ്സിലായത് കോളേജിന്റെ പ്രിയപ്പെട്ട ചെയർമാൻ മയക്കുമരുന്നുകളുടെ അടിമയാണെന്ന്. മയക്കുമരുന്നു ലോകത്തിൽ ആനന്ദം കണ്ടെത്തി ജീവിതം നശിപ്പിച്ച മനോജ്. സ്വന്തം ശരീരത്തേയും കഴിവുകളേയും നശിപ്പിച്ച് താൽക്കാലിക സുഖത്തിനുവേണ്ടി സ്വയം നശിച്ച മനോജ്.

മയക്കുമരുന്നുകളുടെ അടിമയാണ് താൻ എന്നു മറ്റുള്ളവർ അറിഞ്ഞ ദിവസം അവൻ നാടു വിട്ടു. പിന്നീടൊരിക്കൽ പത്രത്തിൽ വന്ന വാർത്തകേട്ട് ആളുകളെല്ലാം ഞെട്ടി. "മയക്കുമരുന്നുകളുടെ രാജാവ് മനോജ് പോലീസ് കസ്റ്റഡിയിൽ" പണത്തിനു വേണ്ടി സ്വന്തം അച്ഛനെ കുത്തിക്കൊന്ന കേസിൽ ജീവപര്യന്തം തടവിനു വിധിക്കപ്പെട്ട മനോജ് ജയിലറയിലെ ഇരുണ്ട നാളുകളിൽ തന്റെ ജീവതത്തെ അയാൾ മാറ്റിമറിച്ചു. മയക്കുമരുന്നുകളുടെ അടിമത്വത്തിൽ നിന്നും ആ ചെറുപ്പക്കാരൻ രക്ഷപെട്ടു.

ജയിലിലെ കുറെ നല്ലവരായ കുറ്റവാളികളും പോലീസ് അധികൃതരും അവന്റെ ഈ മാറ്റത്തിന് സഹായിച്ചു. പോലീസ് ലോക്കപ്പിൽ കിടന്നുകൊണ്ട് തന്റെ ജീവിതത്തെ നശിപ്പിച്ച മയക്കുമരുന്നുകളുടെ പിടിയിൽ നിന്ന് താൻ ജീവിക്കുന്ന സമൂഹത്തെയും രക്ഷപെടുത്തുമെന്ന് പ്രതിജ്ഞയെടുത്തു.

കോടതി അവന്റെ ശിക്ഷ ഇളവു ചെയ്തുകൊടുത്തു. ജയിലിൽ നിന്നും ഇറങ്ങിയ മനോജ് തന്റെ അമ്മയുടെ കാല്ക്കൽ വീണ് മാപ്പുപറഞ്ഞുകൊണ്ട് അച്ഛന്റെ ശവകുടീരത്തിൽ നമ്രശിരസ്കനായി നിന്നുകൊണ്ട് തന്റെ പുതിയ ജീവിതത്തിലേക്ക് കാലെടുത്തു വച്ചു.

മനോജേ....... ആ വിളികേട്ട് അവൻ തിരിഞ്ഞുനോക്കി. അപ്പോഴെയ്ക്കും മാലിനി അവന്റെ സമീപത്തെത്തിയിരുന്നു. ആദ്യം അവന് അവളെ മനസ്സിലായില്ല. പെട്ടെന്ന് ഓർമ്മവന്നു. തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഗോപിസാറിന്റെ മകൾ – മാലിനി. കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ഒരു നാണംകുണുങ്ങിയായിരുന്ന അവൾ തന്നെ പേരു വിളിച്ചതിൽ ആദ്യം അഭിനന്ദിക്കുകയാണ് ചെയ്തത്.

അവരുടെ സംസാരം ഏകദേശം അരമണിക്കൂറോളം നീണ്ടുനിന്നു. പിരിയാൻ നേരം അവൻ പറഞ്ഞു. ഗോപിസാറിനോടു പറയണം "സാറിന്റെ പ്രിയപ്പെട്ട ശിഷ്യൻ മനോജ് തിരിച്ചുവന്നെന്ന്. ഇനിയൊരിക്കലും തന്റെ ആ വൃത്തികെട്ട ജീവിതത്തിലേക്ക് ഇല്ലെന്ന്" അങ്ങനെ പറഞ്ഞുകൊണ്ട് നടന്നു നീങ്ങുന്ന മനോജിനെ മാലിനി ആനന്ദത്തോടെ നോക്കി നിന്നു.

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394




Voice '99




# ഏട്ടൻ

JILCY JOSE K4

സൂര്യൻ അസ്തമിക്കാറായിരുന്നു. ചെമപ്പും മഞ്ഞയും കലർന്ന ആകാശം. അതിനു താഴെ അലതല്ലുന്ന തിരമാല. കടൽക്കാറ്റേറ്റ് അപ്പു ആ മണൽപ്പരപ്പിലിരുന്നു. പാറിപറന്ന തലമുടി, ഒട്ടിയ കവിൾ, കുഴിയിലാണ്ടുപോയ, തിളക്കം നഷ്ടപ്പെട്ട കണ്ണുകൾ, മുഷിഞ്ഞ വസ്ത്രം. ജീവിത സുഖങ്ങളുടെ വ്യർത്ഥത അറിഞ്ഞ അവൻ ഏകനായി, മരണത്തെ വരിക്കാൻ തയ്യാറായിരുന്നു.

അറിയാതെ അവന്റെ മനസ്സ് ഭൂതകാലത്തിന്റെ ഇരുളടഞ്ഞ ഇടനാഴിയിലെത്തി. 'അപ്പു' എന്ന് ചെല്ലപ്പേരുള്ള അലക്സ്. മമ്മിയുടേയും ഡാഡിയുടേയും മൂന്നു മക്കളിൽ മൂത്തവൻ. മൂവരിലും മിടുക്കൻ. പഠനത്തിലും ബുദ്ധിസാമർത്ഥ്യത്തിലുമുപരി സദ്സ്വഭാവത്തിലും മുൻപിലായിരുന്നു അവൻ. ആർക്കാണ് തന്നെ ഇഷ്ടമില്ലാതിരുന്നത്. അപ്പു ഓർത്തു നോക്കി. ഏവർക്കും അപ്പുവിനെ മതി. എനിക്ക് ഒരു 'ഏട്ടൻ' ഉണ്ടായിരുന്നു. പേരറിയില്ല, നാടറിയില്ല. പക്ഷെ ഓർമ്മവച്ചനാൾ മുതൽ ഞാൻ ഏട്ടനെന്ന് വിളിച്ചു. തൊടിയിലും പാടത്തും എനിക്ക് തണലായി കൂടെ നടന്ന ഏട്ടൻ, വയൽ വരമ്പിലൂടെ നടക്കുമ്പോൾ വീഴാതെ കൈകളിൽ പിടിച്ചു നടത്തുന്ന ഏട്ടൻ. കഥകൾ പറഞ്ഞുതന്ന് കൂടുകൂടെ ചിരിപ്പിക്കാറുള്ള ഏട്ടൻ. ഇപ്പോ ഏട്ടൻ എവിടെയാണാവോ. ഈ അപ്പൂന്റെ മനസ്സ് നന്നായി മനസ്സിലാക്കിയിരുന്നത് ഏട്ടൻ മാത്രമാണ്. ഞാൻ ബാല്യത്തിൽ നിന്ന് കൗമാരത്തിലേക്കും അവിടെനിന്ന് യൗവനത്തിലേക്കും കാലെടുത്തു വച്ചപ്പോൾ ഏട്ടൻ ഉപദേശിച്ചു "അപ്പൂ, നീ നല്ല കുട്ടിയായിരിക്കണം, മിടുക്കനാവണം, ചീത്തകൂട്ടിലൊന്നും വീഴരുത്. ഞാൻ ചീത്തയാവുന്നത് അറിഞ്ഞിട്ടാവണം ഏട്ടൻ അങ്ങനെയൊക്കെ പറഞ്ഞത്. ഹോ! ഞാൻ എന്തൊക്കെയാണ് ചെയ്തുകൂട്ടിയത്, എത്ര ജീവിതങ്ങളെയാണ് ഞാൻ നശിപ്പിച്ചത്.


ആർക്കാണ് തന്നെ ഇഷ്ടമില്ലാതിരുന്നത്. അപ്പു ഓർത്തു നോക്കി. ഏവർക്കും അപ്പുവിനെ മതി. എനിക്ക് ഒരു 'ഏട്ടൻ' ഉണ്ടായിരുന്നു. പേരറിയില്ല. നാടറിയില്ല. പക്ഷെ ഓർമ്മവച്ചനാൾ മുതൽ ഞാൻ ഏട്ടനെന്ന് വിളിച്ചു.

കോളേജിലെ ഹീറോ ആയിരുന്നില്ലെ ഞാൻ. നല്ല സ്വഭാവമുള്ള പഠിക്കുന്ന കുട്ടി. കലകളിൽ പ്രാവീണ്യമുള്ള ഞാൻ എല്ലാ പ്രോഗ്രാമുകളിലും പങ്കെടുക്കുമായിരുന്നു. എല്ലാവരും അറിയുന്ന ഞാൻ.... പക്ഷെ എങ്ങനെയോ കൂട്ടുകെട്ടിൽ പെട്ട് ദുഷ്ടനായി മാറി. പണവും പ്രശസ്തിയുമുള്ള എന്റെ കൂടെ കൂടാൻ ധാരാളം കൂട്ടുകാർ. ഞാൻ

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

വേദനിപ്പിക്കാത്ത പെൺകുട്ടികൾ അവിടെ ഉണ്ടായിരുന്നോ? അറിയില്ല. എത്രപ്രാവശ്യം ഡാഡി എനിക്കുവേണ്ടി അധികൃതരിൽ നിന്നും ശകാരങ്ങൾ കേട്ടു. ഒരിക്കൽ ഡാഡി ചോദിച്ചു " നീ എന്തിനാ എന്നെ ഇത്രമാത്രം വേദനിപ്പിക്കുന്നത്. ഇതിലും ഭേദം എന്നെ കൊല്ലുന്നതാ മോനെ" ഒരിക്കലും ഡാഡി കരയുന്നത് കണ്ടിട്ടില്ലാത്ത ഞാൻ ആദ്യമായി ഡാഡി കരയുന്നത് കണ്ടു. എന്നിട്ടും എന്റെ മനസ്സിന് മാറ്റമുണ്ടായില്ല. അന്ന് ഞാൻ ഡാഡിയുടെ മുമ്പിൽ നിന്ന് അട്ടഹസിച്ചു. മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ലഹരിയിൽ നന്മയും തിന്മയും എനിക്ക് തിരിച്ചറിയുവാൻ കഴിയുമായിരുന്നില്ല.

രാഷ്ട്രീയ വൈരത്തിനു മുൻപിൽ ഞാൻ ചവിട്ടിഞെരിച്ച ഒരു ജീവിതം. എന്റെ കളിക്കൂട്ടുകാരൻ "അനിരുദ്ധൻ". നന്മയ്ക്കു വേണ്ടി നില കൊണ്ട അവൻ എനിക്ക് ശത്രുവായിരുന്നു. കാരണം ഞാൻ തിന്മയുടെ മൂർത്തീഭാവമായി മാറിയിരുന്നു. പലപ്രാവശ്യം അവനെന്നെ ഉപദേശിച്ചില്ലേ. നല്ല മാർഗ്ഗത്തിലേക്ക് ക്ഷണിച്ചില്ലേ. പക്ഷെ ഞാൻ അത് ചെവിക്കൊണ്ടില്ല. ഞാനും എന്റെ ഫ്രണ്ട്സും തക്കം പാർത്തിരുന്ന് അവന്റെ ജീവിതം ഒരു കഠാരമുനയിൽ തീർത്തു. 'ഹോ എനിക്കോർക്കാൻ വയ്യ' ജീവൻ വേർപിരിയും മുമ്പ് അവൻ എന്നോട് പറഞ്ഞു. " അപ്പു നിന്നോടെനിക്ക് വൈരാഗ്യമില്ല. പക്ഷെ നിന്റെ കൂട്ടുകാർ നിന്നെ നശിപ്പിക്കും. അപ്പു നീ നല്ല കുട്ടിയാകണം." എന്റെ 'അനി' നീ എനിക്ക് മാപ്പുതരില്ലേ. ഈ അപ്പുനോട് ക്ഷമിക്കില്ലേ.



നീണ്ട വർഷത്തെ ജയിൽ വാസത്തിനുശേഷം ഞാൻ ഇന്ന് പുറത്തിറങ്ങിയിരിക്കുന്നു. എങ്ങോട്ട് പോകും. അനിരുദ്ധന്റെ അമ്മയുടെ കരച്ചിൽ മനസ്സിൽ നിന്ന് മായുന്നില്ല. ആ അമ്മ എനിക്ക് മാപ്പു തരുമോ. എന്റെ മമ്മിയും ഡാഡിയും അനുജൻമാരും ഏട്ടനും എന്നെ സ്വീകരിക്കുമോ? അറിയില്ല. വേണ്ട ഈ ജീവിതം വയ്യ എനിക്ക് മരിക്കണം. അപ്പു മെല്ലെ വിഷക്കുപ്പി തുറന്നു. സൂര്യൻ പടിഞ്ഞാറ് കടലിൽ താഴ്ന്നിരിക്കുന്നു. പക്ഷികൾ ചേക്കേറാൻ ഒരുങ്ങുന്നു. കത്തിത്തീർന്ന ഒരു പകലിന്റെ അവസാന നിമിഷങ്ങൾ. ഇരുട്ടു വ്യാപിച്ച് തുടങ്ങിയിരിക്കുന്നു.

"അപ്പു" ഒരു നീണ്ട വിളികേട്ട് അവൻ ഒന്നു നടുങ്ങി. പെട്ടെന്ന് തിരിഞ്ഞു നോക്കി. ആളെ വ്യക്തമായി കാണുവാൻ സാധിക്കുന്നില്ല. " അപ്പു, ഇത് ഞാനാ" ശബ്ദത്തിന്റെ ഉടമ അവനടുത്തേയ്ക്ക് വന്നു. "ഏട്ടൻ" അപ്പു മന്ത്രിച്ചു. " അപ്പു നിന്നെ ഞാൻ എവിടെയൊക്കെ തിരഞ്ഞു. നിന്നെ കൊണ്ടുപോകാൻ ജയിലിൽ വന്നപ്പോഴേക്കും നീ അവിടെ നിന്നും പോന്നിരുന്നു. " അപ്പു മറുപടി ഒന്നും പറഞ്ഞില്ല. പെട്ടെന്ന് ഏട്ടൻ അവന്റെ കൈയിലെ കുപ്പി ശ്രദ്ധിച്ചു. " അപ്പു, മോനെ എന്തായിത്. എന്തവിവേകമാണ് കുട്ടി നീ കാണിക്കുന്നത്." അയാൾ ആ കുപ്പി കടലിലേക്ക് വലിച്ചെറിഞ്ഞു. തിരമാലകൾ അത് കൈനീട്ടി സ്വീകരിച്ചു. അപ്പു വിതുമ്പിപ്പോയി. "വയ്യ ഏട്ടാ, ഈ ജീവിതം വയ്യ. എങ്ങനെ ഞാൻ അനിയുടെ അമ്മയുടെ മുമ്പിൽ നിൽക്കും. ഡാഡി, മമ്മി അവരുടെയൊക്കെ സ്നേഹത്തിന് എനിക്കർഹതയുണ്ടോ. വേണ്ട എനിക്ക് ജീവിക്കണ്ട. എനിക്ക് മരിക്കണം." പാടില്ല അപ്പു. കഴിഞ്ഞതൊക്കെ കഴിഞ്ഞു. ഇനി നിനക്ക് നന്നായി ജീവിച്ചുകൂടെ.

FotoFast COLOUR LAB

Newman Voice '99

അനിരുദ്ധന്റെ ആഗ്രഹം സാധിക്കണ്ടേ? എല്ലാവരും നിന്നോട് ക്ഷമിക്കും." " എന്നാലും ഏട്ടാ അനിക്കുട്ടന്റെ അമ്മയ്ക്ക് എന്നോട് ക്ഷമിക്കുവാനാകുമോ. അവരുടെ ഒരേയൊരു മകനെയല്ലേ ഞാൻ......" "അപ്പു നിർത്താനാ പറഞ്ഞത്. ഇപ്പോ എന്നെ അനുസരിക്ക്." ഏട്ടൻ അവനെ തൊട്ടടുത്ത് നിർത്തിയിരുന്ന കാറിനുള്ളിലേക്ക് കയറ്റി.

വീടിനുമുമ്പിൽ കാർ നിന്നു. ഏട്ടൻ ആദ്യം ഇറങ്ങി. പിന്നെ അപ്പുവും. വർഷങ്ങൾക്കു ശേഷം താൻ കളിച്ചുവളർന്ന മുറ്റത്ത് ഈ അവസ്ഥയിൽ. ഡാഡിയും മമ്മിയും വരാന്തയിലുണ്ട്. വയ്യ എനിക്കവരെ നോക്കാൻ വയ്യ. ഡാഡിയുടെ മുമ്പിൽ അപ്പു തൊഴുകൈകളോടെ നിന്നു. അടിക്കുമെന്നാണ് പ്രതീക്ഷിച്ചത്. പക്ഷെ അപ്പുവിന്റെ കൈകൾ നെഞ്ചോട് ചേർത്ത് ആ പിതാവ് കണ്ണീർ വാർത്തു. മമ്മി മകന്റെ മൂർദ്ധാവിൽ ചുംബിച്ചു. ഏട്ടൻ അകത്തുനിന്നും വിളിച്ചു. അകത്തു കടന്ന അപ്പുവിന് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. "എന്റെ അനിക്കുട്ടന്റെ അമ്മ" അവൻ പിറുപിറുത്തു. "അമ്മേ മാപ്പ്, മാപ്പ്" അപ്പു ആ പാദങ്ങളിൽ വീണു. " സാരമില്ല മോനെ." അവർ അവനെ എഴുന്നേൽപ്പിച്ചു. " എന്റെ അനിക്കുട്ടൻ പോയി. എന്റെ വിധി. നിന്നെ വെറുക്കുന്നതുകൊണ്ട് അവൻ വരില്ല. പക്ഷെ നീ അവന്റെ ആഗ്രഹം നിറവേറ്റണം." ആ സ്വരമിടറി. കണ്ണീർമുത്തുകൾ അവന്റെ മേൽ പതിച്ചു.



ഉറങ്ങാൻ പോകുന്നതിനു മുമ്പ് അനുജന്മാരിൽ നിന്നും അപ്പു ഒരു വിവരമറിഞ്ഞു. ഏട്ടനാണ് ഈ വീട്ടിൽ കഴിയാൻ അവന് അവസരമുണ്ടാക്കിയത്. മമ്മിയേയും ഡാഡിയേയും അനിക്കുട്ടന്റെ അമ്മയേയും പറഞ്ഞു മനസ്സിലാക്കിയത് ഏട്ടനാണ്. അപ്പു ചിന്താധീനനായി കിടക്കയിലിരുന്നു. "അപ്പു, നീ ഉറങ്ങിയില്ലേ?" ചോദ്യം കേട്ട് അവൻ മുഖമുയർത്തി. മുൻപിൽ ഏട്ടൻ. എന്നെ സ്നേഹിക്കാൻ ഡാഡിയേയും മമ്മിയേയുമൊക്കെ പ്രേരിപ്പിച്ച ഏട്ടൻ. അവന്റെ കണ്ണുകൾ നിറഞ്ഞു. " ഏട്ടാ, അങ്ങെന്തിനാണ് എന്നെ ഇങ്ങനെ സ്നേഹിക്കുന്നത്. ഈ മുഖത്ത് ഞാൻ അടിച്ചിട്ടില്ലേ, ചീത്തവിളിച്ചിട്ടില്ലേ. എന്നിട്ടും എന്നോട് വെറുപ്പില്ലേ" ഏട്ടനൊന്നും മിണ്ടിയില്ല. വെറുതേ അവന്റെ മുടിക്കുള്ളിൽ വാത്സല്യപൂർവ്വം വിരലോടിച്ചു. അപ്പു ആ കൈകൾ അവന്റെ കൈക്കുള്ളിലാക്കി. ആ കൈകളിൽ ചുംബിക്കാൻ മുഖം താഴ്ത്തിയപ്പോൾ ഉള്ളം കൈക്കുള്ളിൽ രണ്ട് മുറിപ്പാടുകൾ. അപ്പു അറിയാതെ ആ കാൽപാദങ്ങളിലേക്ക് നോക്കി. അവിടേയും രണ്ട് മുറിവുകൾ. അവൻ മുഖമുയർത്തി ആ കണ്ണുകളിലേക്ക് ഉറ്റുനോക്കി. ആ കണ്ണുകളിലെ സ്നേഹത്തിന്റെ ആഴം അവനറിഞ്ഞു. ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത ഒരാനന്ദം അവനിൽ ഉളവായി. അവാച്യമായ ഒരുനുഭൂതിയിൽ അവൻ സ്വയം മറന്നിരുന്നു. "അപ്പൂ" "ഉം".... അവൻ വിളികേട്ടു. "എന്റെ സ്നേഹത്തിനു പകരം നീ എന്താണ് പകരം നൽകുന്നത്" "എന്നെ, എന്റെ ജീവിതം" അപ്പു മറുപടി പറഞ്ഞു. "മതി മോനെ, അതു മതി" അപ്പു ആ മാറിൽ ചാരി. പിറന്നുവീണ ഒരു കുഞ്ഞിന്റെ നിഷ്കളങ്കതയോടെ അവൻ ഉറങ്ങി. അവന്റെ ഏട്ടൻ അപ്പോഴും അവന്റെ മുടിയിഴകളിൽ വിരലോടിച്ചുകൊണ്ടിരുന്നു.

FotoFast COLOUR LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

If you want to leave your footprints
On the sands of time
Do not drag your feet......

Best Wishes....

Chams

COLLEGE
THODUPUZHA - 685 585
PHONE: 223514

Tuition Classes for
B.Sc., PRE-DEGREE & PLUS 2

കല

Voice '99



NASEEMA PAZHARIYIL E4

# 'സുബർക്കത്തിലെ പൊൻതൂവൽ'

സുബ്ഹി ബാങ്കിന്റെ അലയൊലികൾ ഭക്തിയുടെ നീരുറവകളായി അന്തരീക്ഷത്തിൽ ഒഴുകിയിറങ്ങിയപ്പോൾ നമസ്ക്കാരത്തിനായി കുഞ്ഞുമോൾ പിടഞ്ഞെണീറ്റു. വുളൂഇന് ശേഷം തിരിച്ചെത്തിയ അവൾ ക്രൂശിത രൂപത്തിനു മുന്നിലിരുന്ന് വിതുമ്പുന്ന ആൻസി തെരേസയെ കണ്ടു. ഉറക്കം തോർന്ന മിഴികളിൽ കണ്ണുനീരിന്റെ തിളക്കവുമായി തളർന്നിരിക്കുന്ന അവളെ ചേർത്തുപിടിച്ച് കുഞ്ഞുമോളിരുന്നു. പിന്നെ റബ്ബുല്ലിസ്സത്തായ തമ്പുരാന് മുന്നിൽ കരങ്ങൾ നീട്ടി അവൾ ദുത്ത ചെയ്തു. ഇന്നലെ വരെ തങ്ങളെ സ്നേഹത്തിന്റെ ബഹറിൽ ആറാട്ടിയ പുന്നാര വല്ല്യുപ്പയുടെ ആത്മാവിന് വേണ്ടി..... വല്ല്യുപ്പയുടെ മരണശേഷം 'താൻ ഇപ്പോഴാണ് അനാഥയായത്' എന്നു പറഞ്ഞ് വിലപിക്കുന്ന ആനിക്കുട്ടിയെ സാന്ത്വനിപ്പിക്കാനുള്ള ആശ്വാസവാക്കുകൾക്കു വേണ്ടി ....., പിന്നെ ഒരു കണ്ണീർക്കിളി തലതല്ലിക്കരയുന്നതുപോലെ നമസ്ക്കാര പായിൽ ഇരുന്ന് കുഞ്ഞുമോൾ പൊട്ടിപ്പൊട്ടികരെഞ്ഞു.

ആ അനാഥപെൺകുട്ടി വെല്ല്യുപ്പയ്ക്കെന്നും നീറുന്ന വേദനയായിരുന്നു. ദേവാലയത്തിന്റെ മുഖവാരത്തിൽ ഉണ്ണിയേശുവിനെയും കയ്യിലേന്തി നിൽക്കുന്ന കന്യകാ മാതാവിന്റെ പ്രതിമയ്ക്കു താഴെ സിമന്റുപടിയിൽ വല്ല്യുപ്പ കാത്തിരിക്കും. ആൻസി തെരേസയുടെ കണ്ണുനീരൊപ്പാൻ.

തറവാടിന്റെ പൊൻവിളക്കായിരുന്ന വല്ല്യുപ്പയുടെ വേർപാട് നൽകിയ വേദന കുഞ്ഞുമോൾക്കിനിയും സങ്കടക്കൂടാരമായ് നെഞ്ചിലൂറി നിൽക്കുന്നു. സ്വർണ്ണഖനികൾ തേടി മണലാരണ്യത്തിലേക്ക് യാത്രയായ കുഞ്ഞുമോളുടെ ഉപ്പയ്ക്കോ, ഉപ്പയെ കാത്തിരിക്കുന്ന ഉമ്മച്ചിയ്ക്കോ വല്ല്യുപ്പയുടെ സ്നേഹമാകാൻ കഴിയില്ല. 'ഇഗാ' നമസ്ക്കാരവും കഴിഞ്ഞ് പാടത്തിനക്കരെയുള്ള മസ്ജിദിൽ നിന്നും വല്ല്യുപ്പ വരുന്നതു നോക്കി അവൾ ഉമ്മറപ്പടിയിൽ കാത്തിരിയ്ക്കും.... വല്ല്യുപ്പയുടെ കൈകൊണ്ട് കുഴച്ചുരുട്ടിയ ഒരു ഉരുള ചോറിനു വേണ്ടി... പിന്നെ കുസൃതികൾ കാണിച്ച് കിളിക്കൊഞ്ചലുമായി ആ മടിയിൽ കിടന്നുറങ്ങുന്നതിനു വേണ്ടി.

ആമ്പൽപ്പൂവിന്റെ കുളിർമയുള്ള കൈ വിരലുകളാൽ തന്റെ ചുരുൾമുടികൾ മാടിയൊതുക്കി വല്ല്യുപ്പ പറഞ്ഞുതന്ന എത്രയോ കാര്യങ്ങൾ..... ദുനിയാവിലെ നശ്വരമായ ജീവിതത്തിൽ ഇബ്‌ലീസിന്റെ ചതിക്കുഴികളെ കുറിച്ച് പറയുമ്പോൾ കുഞ്ഞുമോളുടെ ഉള്ളിൽ പേടിയുടെ കുളിര്. അത് മനസ്സിലാക്കുന്ന വല്ല്യുപ്പ കഥയുടെ ഗതി മാറ്റും. പണ്ട് കിന്നരിത്തലപ്പാവും പട്ടുകുപ്പായവുമണിഞ്ഞ് ആനപ്പു

LAB Matha Shopping Arcade, THODUPUZHA, Ph: 0486-222394

റത്തു കയറി ഉമ്മൂമ്മയെ നിക്കാഹ് ചെയ്യാൻ പോയ ഉപ്പൂപ്പയെക്കുറിച്ച്........പച്ചക്കരേന്റെ തട്ടവും റങ്കുള്ള കുപ്പായവുമിട്ട്, കാതു നിറയെ അലിക്കത്തും കൈയ്യിൽ മൈലാഞ്ചി ചുമപ്പുമായി കടന്നു വന്ന ഹൂറികളിൽ ഹൂറിയായ വെല്ലുമ്മിച്ചിയെക്കുറിച്ച്....ഒടുവിൽ, കുഞ്ഞുമോളുടെ ചെവിയിൽ വല്യൂപ്പ പറയും " ന്റെ ഓൾക്ക് വരും ഒരീസം-ബദറുൽ മുനീറിനെ പോലൊരു സുൽത്താൻ" അപ്പോൾ ചുണ്ടിൽ തത്തിക്കളിക്കുന്ന പുപ്പുഞ്ചിരിയുമായി കുഞ്ഞുമോൾ ഉറക്കത്തിലേക്ക് വഴുതി വീഴുകയാവും.

അകതാരിന്റെ അകക്കാമ്പിൽ കരുണയുടെ നീരുവയുമേന്തി ദൈവത്തിന്റെ സാന്ത്വനം പോലെ വല്ല്യൂപ്പയെത്തും, കുഞ്ഞുമോളുടെ ഉറ്റചങ്ങാതി ആൻസി തെരേസയുടെയടുത്ത്. അൾത്താരയിൽ ക്രൂശിക്കപ്പെട്ട് ദേഹം മുഴുവൻ ചോര വാർന്ന ക്രിസ്തുവിന്റെ രൂപത്തിനു മുന്നിൽ കൈകൾ കൂപ്പി നിറമിഴികളുമായി മുട്ടുകുത്തിനിൽക്കുന്ന ആ അനാഥപെൺകുട്ടി വല്ല്യൂപ്പയ്ക്കെന്നും നീറുന്ന വേദനയായിരുന്നു. ദേവാലയത്തിന്റെ മുഖവാരത്തിൽ ഉണ്ണിയേശുവിനെയും കയ്യിലേന്തി നിൽക്കുന്ന കന്യകാമാതാവിന്റെ പ്രതിമയ്ക്കു താഴെ സിമന്റുപടിയിൽ വല്ല്യൂപ്പ കാത്തിരിക്കും, ആൻസി തെരേസയുടെ കണ്ണുനീരൊപ്പാൻ. ആ ശുഷ്കിച്ച കൈകളിൽ മുഖമമർത്തി ഒരു നിർവൃതിയിൽ മുഴുകിയിരിക്കാൻ അനിക്കുട്ടി ഓടിയെത്തുമെന്ന് കുഞ്ഞുമോൾക്കറിയാം. ആരുടേയൊ തെറ്റിന്റെ ഫലമായ ആ യത്തിം കുട്ടിയെ അരികിലിരുത്തി ആശ്വസിപ്പിക്കുന്ന വല്ല്യൂപ്പ, അവളുടെ മുഖത്ത് പുഞ്ചിരിയുടെ നിഴലാട്ടം കാണുമ്പോൾ ചുട്ടു നീറുന്ന ഒരു നിശ്വാസവുമായി എഴുന്നേൽക്കും. തിരിച്ചു നടക്കുമ്പോൾ ആ മുഖം ചുവന്നുവിങ്ങിയിരിക്കും. നരച്ച താടി രോമങ്ങൾക്കിടയിലൂടെ ഞെരിഞ്ഞിറങ്ങുന്ന കണ്ണുനീർത്തുള്ളികളുടെ ചൂടിൽ നിന്നും വല്ല്യൂപ്പയുടെ ഹൃദയത്തിന്റെ ഉരുക്കം കുഞ്ഞുമോൾ മനസ്സിലാക്കിയിരുന്നു. അനാഥക്കുഞ്ഞുങ്ങളെ കാണുമ്പോൾ അഗാധമായൊരു വേദന ആ കണ്ണുകളിൽ പിടഞ്ഞുകൊണ്ടിരിക്കും.

പിന്നീട്, തറവാട്ടിലെ ദത്തുപുത്രിയായി ആനിക്കുട്ടിയെ വല്ല്യൂപ്പ സ്വീകരിച്ചു. ക്രിസ്തുവിന്റെ അനുയായി ആയിത്തന്നെ ആൻസി തെരേസ ആ വീട്ടിൽ കുഞ്ഞുമോൾക്കൊപ്പം നിറഞ്ഞുനിന്നു. അത്രയും നാൾ ആനിക്കുട്ടിയ്ക്ക് മാത്രമായിട്ടായിരുന്നു ബത്‌ലഹേമിൽ ഉണ്ണിയേശു പിറന്നത്. ഇപ്പോൾ തറവാട്ടിൽ എല്ലാവരും ചേർന്ന് ക്രിസ്തുവിന്റെ ജന്മദിനം ഗംഭീരമാക്കി. അതുപോലെ വ്രതശുദ്ധിയിൽ നിറയുന്ന റംസാൻ ദിനങ്ങളുടെ അവസാനം തക്ബീറിന്റെ അമരധ്വനികളുമായെത്തുന്ന പെരുന്നാളിൽ മുഴുകാൻ പുത്തൻകോടിയുമണിഞ്ഞ് കുഞ്ഞുമോൾക്കൊപ്പം ആൻസിയുമുണ്ടാകും. റബീഉൽ അവ്വലിന്റെ പൂത്തിങ്കൾ വാനലോകത്ത് പ്രത്യക്ഷപ്പെടുമ്പോൾ അകതാരിന്റെ മന്ത്രണം സ്വാലത്തുകളായി, സലാമുകളായി പ്രവഹിച്ച്, മുത്ത് മെഹബൂബോരിൽ മർഹബ പാടുന്ന കുഞ്ഞുമോളുടെ ഇക്കാക്കയും വല്ല്യൂപ്പയും ആൻസിക്കെന്നും കൗതുകമായിരുന്നു. വല്ല്യൂപ്പയുടെ മൻഖൂസ് മൗലിദിന്റെയും ശറഫുൽ അനാമിന്റെയും അലയൊലികൾ മനസ്സിനെയും ശരീരത്തെയും ഒരുപോലെ ഉണർത്തുമ്പോൾ കുഞ്ഞുമോൾക്കൊപ്പം ആനിക്കുട്ടിയുടേയും മനസ്സ് പറക്കുകയാണ്... അങ്ങ് പുണ്യമക്കയിലേക്ക്.... മദീനാ മരുഭൂമിയിലേയ്ക്ക്..... ഹിറാഗുഹയിലേക്ക്.... ബദ്റിലേക്ക്..... ഉഹ്ദിലേക്ക്..... മുത്ത്റസ്തലിന്റെ ജീവിതത്തിലേക്ക്....

ഒരുപാട് ജീവിതങ്ങൾക്ക് സാന്ത്വനമേകി, തഖ്‌വയിലധിഷ്ഠിതമായി മാത്രം ജീവിച്ച, കുഞ്ഞുമോളുടേയും ആനിക്കുട്ടിയുടെയും എല്ലാമെല്ലാമായിരുന്ന വല്ല്യൂപ്പ ഇന്നില്ല. എന്നോർക്കുമ്പോൾ ഇടനെഞ്ചിൽ ഗദ്ഗദം നിറയുന്നു. ഇന്നലെ സുബ്ഹി നമസ്ക്കാരാനന്തരം ആ മുഖത്ത് എന്തൊക്കെയോ അസ്വസ്ഥതകൾ മിന്നിമറഞ്ഞു. കുഞ്ഞുമോളേയും ആൻസിയേയും അടുത്തിരുത്തി ദൈവഭയത്തോടെ ജീവിക്കണം എന്നുപദേശിച്ചു. കുഞ്ഞുമോളുടെ ചുമരിൽ ചാരിയിരുന്ന് ആനിക്കുട്ടിയോട് ദാഹജലം ആവശ്യപ്പെട്ടു. വെള്ളം കൊണ്ടുവന്നുകൊടുത്ത ആനിയുടെ കൈകൾ പിടിച്ച് കുഞ്ഞുമോളെ ഏൽപിച്ചു. ആ ശരീരം നൊമ്പരത്തിൽ അമർന്നു. സുബർക്കപൂങ്കാവനം കണ്ട് ആനന്ദത്തിന്റെ പല്ലക്കിലേറി ആത്മാവ് പറന്നുയർന്നു. അവിടത്തെ അധരങ്ങൾ മന്ത്രിച്ചു. "ലാഇലാഹി ഇല്ലല്ലാഹ്" അതോടെ ആ തറവാടിന്റെ മണിദീപം പൊലിഞ്ഞു. ഇന്നാലില്ലാഹി.....

FotoFast COLOUR LAB



# അനുഭൂതി

✍ റെക്സ് K5

വല്ലാത്ത തലവേദന. നേരത്തെ ഓഫീസിൽ നിന്നിറങ്ങി. അസഹ്യമായ ചൂട്. ഉച്ചകഴിഞ്ഞ സമയം ആയതിനാൽബസിൽ വലിയ തിരക്കില്ലായിരുന്നു. സുഖമായി വീട്ടുപടിക്കൽ എത്തി. എന്തെന്നില്ലാത്ത ആശ്വാസം. ഏകാന്തത എനിക്ക് ചെറുപ്പം മുതലേ ഇഷ്ടമായിരുന്നു. അത് ആസ്വദിക്കുവാനായി ഞാൻ കിടക്കയിലേക്ക് ചെരിഞ്ഞു.

